# അനുബന്ധ വിഭാഗം

# പഴയനിയമ തിരുവെഴുത്തുകൾ എങ്ങനെ നിറവേറി

പ്രവചനനിറവേറലിനെ കുറിച്ചു നാം ചിന്തിക്കുമ്പോൾ, നമ്മുടെ മനസിൽ വരുന്നതു പഴയനിയമത്തിലുള്ള പ്രവചനങ്ങൾ വാഗ്ദാനം ചെയ്തതുപോലെ തന്നെ കൃത്യമായി പുതിയനിയമത്തിൽ കൈമാറിയ തായിട്ടാണ്. എങ്ങനെയായാലും, ബൈബിളിൽ "നിറവേറി" എന്ന വാക്ക് പലപ്പോഴും ഉപയോഗിച്ചിരിക്കുന്നതു വിസ്തൃതമായ അർത്ഥത്തിലാണ്. ചുരുങ്ങിയതു നാലു രീതിയിൽ പഴയനിയമ തിരുവെഴുത്തുകൾ പുതിയനിയമത്തിൽ നിറവേറിയതായി, ജെ. ഡബ്ലിയു. മെക്ഗാർവേ തന്റെ *ദ ഫോർഫോൾഡ് ഗോസ്പെൽ* എന്ന പുസ്തകത്തിൽ ഊന്നി പറയുന്നു. ആ ഓരോ രീതിയും മത്തായിയുടെ പുസ്തകത്തിൽ ആരംഭ ത്തിൽ കാണുന്ന വേദഭാഗം ഉപയോഗിച്ച് അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്.[1]

ആദ്യത്തെ രീതി, നാം മുകളിൽ പറഞ്ഞിരിക്കുന്നു. പഴയനിയമ ത്തിൽ വ്യക്തമായി പ്രവചിച്ചത് പുതിയനിയമത്തിൽ (ഒരിക്കലായിട്ട്–നിറവേറുന്നത്) കൈമാറുമ്പോൾ – അതിനെ "നേരിട്ട്" നിറവേറു ന്നതായി കരുതാം. അത്തരം പ്രവചനത്തിന്റേയും നിറവേറലിന്റേയും ഉദാഹരണമാണ് മത്തായി 2:5, 6. മശിഹ എവിടെയാണ് ജനിക്കുന്ന തെന്ന ചോദ്യത്തിനു യെരുശലേമിലെ മതാദ്ധ്യക്ഷന്മാർ, മീഖാ 5:2 ഉദ്ധരിച്ചുകൊണ്ടാണ് മറുപടി നല്കിയത്:

> യെഹൂദ്യയിലെ ബേത്ത്ലേഹെമിൽ; പ്രവാചകൻ അരുളിചെയ്തി രുന്നത്:
> "നീയോ, ബേത്ത്ലേഹെം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ,
> ചെറുതായിരുന്നാലും; യിസ്രായേലിന്നു അധിപതി ആയിരിക്കേണ്ടുന്നവൻ
> എനിക്ക് നിന്നിൽ നിന്നുത്ഭവിച്ചുവരും."

യേശു ബേത്ത്ലേഹെമിൽ ജനിച്ചപ്പോൾ, ആ പ്രവചനം ആദ്യമായും അവസാനമായും നിറവേറി.

മറ്റൊരു വിധത്തിൽ പഴയനിയമ തിരുവെഴുത്തുകൾ നിറവേറിയത് പഴയനിയമത്തിൽ വാക്കുകളായോ സംഭവങ്ങളായോ മുന്നറിയിച്ചി രുന്ന പുതിയ നിയമത്തിലെ പ്രധാന സംഭവങ്ങളിലൂടെയാണ്. ഇത്തരം നിറവേറലാണ് മത്തായി 2:15 ചിത്രീകരിക്കുന്നത്. ഹെരോദാവിന്റെ മരണം വരെ യോസേഫ് മിസ്രയീമിലായിരുന്നു. നാം വായിക്കുന്നത്, "... കർത്താവു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവർത്തി യാകുവാൻ സംഗതി വന്നു: 'മിസ്രയിമിൽ നിന്നും എന്റെ മകനെ വിളിച്ചു.'" ഉദ്ധരിച്ചിരിക്കുന്ന വേദഭാഗം ഹോശേയ 11:1 ആണ്, മിസ്രയിം പ്രവാസത്തിലായിരുന്ന യിസ്രായേൽ ജനത്തെ കുറിച്ചാണ് അതു പറയുന്നത്: ''യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു, മിസ്രയിമിൽനിന്നു ഞാൻ എന്റെ മകനെ വിളിച്ചു.'' ശിശുവായ യേശുവിനെ ദൈവം സംരക്ഷിക്കുമെന്നത് യിസ്രായേലിന്റെ വീണ്ടെടുപ്പിൽ മുന്നറിയിച്ചിരുന്നതാണ്.

യിരെമ്യാവ് 31:15–ൽ നിന്നു ഉദ്ധരിക്കുന്ന, മത്തായി 2:18, അത്തരം

രണ്ടാമത്തെ വിധത്തിലുള്ള നിറവേറലിന്റെ മറ്റൊരു ചിത്രീകരണമാണ്. ബാബേൽ പ്രവാസ കാലത്തുണ്ടായ ആപത്തിലെ വിലാപത്തെയാണ് പഴയനിയമ വേദഭാഗത്തു പറഞ്ഞിരിക്കുന്നത്. പുതുതായി ജനിക്കുന്ന രാജാവിനെ ഇല്ലാതാക്കുവാനുള്ള ശ്രമത്തിൽ ആൺകുട്ടികളെ ഹെരോദാവ് കൊന്നൊടുക്കുവാൻ തുടങ്ങിയപ്പോൾ, ബേത്ത്ലേഹെമിൽ നിന്നുയർന്ന വിലാപത്തിന്റെ ചിത്രത്തിനു പ്രവാചകൻ അരുളിച്ചെയ്തതുമായി സാമ്യമുള്ളതായി കാണാം.

മൂന്നാമത്തെ രീതിയിൽ ഉൾപ്പെടുന്നത് അർഹിക്കുന്നതിനെക്കാൾ വിപുലവും ഉയർന്നതുമായ ഭാഷ ഉപയോഗിച്ചു വിവരിച്ചിരിക്കുന്ന ഒരു പഴയനിയമ സംഭവമാണ്. പുതിയനിയമത്തിൽ, കൂടുതൽ അനുയോജ്യമായ സംഭവങ്ങൾക്കാണ് ഉയർന്ന മേന്മയുള്ള ഭാഷ ഉപയോഗിച്ചിട്ടുള്ളത്. അത്തരത്തിലുള്ള ഒന്നാണ് മത്തായി 1:22, 23:

> "കന്യക ഗർഭിണിയായി, ഒരു മകനെ പ്രസവിക്കും, അവന്നു (ദൈവം നമ്മോടു കൂടെ) എന്നർത്ഥമുള്ള, ഇമ്മാനുവേൽ എന്നു പേർ വിളിക്കും,": എന്നു കർത്താവു പ്രവാചകൻ മുഖാന്തരം അരുളി ച്ചെയ്തതു നിവർത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു.

യെശയ്യാവ് 7:1–16 പരിശോധിക്കുക, വീണ്ടെടുപ്പിനെ കുറിച്ച് ആഹാസിനു ഉറപ്പുനൽകിയ ഒരു അടയാളത്തിന്റെ ഭാഗമായിരുന്നു യഥാർത്ഥത്തിൽ ആ വാഗ്ദാനം എന്നു കാണാൻ കഴിയും. ആ പ്രവചനം *ഭാഗികമായി* ആഹാസിന്റെ കാലത്തു നിറവേറിയതായി കാണാം; എന്നാൽ, ദൈവശ്വാസിയമായി, അതു യേശുവിലാണ് *അന്തിമമായി* നിറവേറിയത് എന്നു മത്തായി പറഞ്ഞു.

അവസാനമായി, ചിലപ്പോൾ "പ്രവചനം" എന്നത് ഒരു പ്രത്യേകവേദ ഭാഗത്തിൽ കാണുകയില്ല, പക്ഷെ പുതിയനിയമത്തിലെ ഒരു സംഭവത്തിൽ യാഥാർത്ഥ്യമായി തീരുന്ന പഴയനിയമത്തിന്റെ പൊതുവായ പഠനത്തിലാണ്. അത്തരത്തിലുള്ള ഒന്നാണ് മത്തായി 2:23–ലെ സംഭവം. യോസേഫ് യേശുവിനെ നസറെത്തിലേക്കു കൊണ്ടു പോയത് ''പ്രവാചകന്മാർ പറഞ്ഞതു നിറവേറേണ്ടതിനാണ്: 'അവൻ നസറായൻ എന്നു വിളിക്കപ്പെടും.'" നിങ്ങൾ പഴയനിയമം മുഴുവൻ പരിശോധിച്ചാലും, ''അവൻ നസറായൻ എന്നു വിളിക്കപ്പെടും'' എന്നു പറയുന്ന, ഒരു പ്രത്യേക വേദഭാഗം കാണാൻ കഴിയുകയില്ല. ''പ്രവാചക ന്മാർ'' (ബഹുവചനം) എന്ന വാക്കിലാണ് അതിനുള്ള ഉത്തരം കാണു ന്നത്. ഇതു ഒരു പ്രവാചകൻ പ്രത്യേകമായി പറഞ്ഞതല്ല, മറിച്ച് പല പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതിൽ പ്രതിഫലിച്ചിരിക്കുന്നതാണ്. പഴയ നിയമ പ്രവചനത്തിന്റെ പൊതുവായ അർത്ഥവും യേശുവിനെ "ഒരു നസറായൻ" എന്നു വിളിക്കപ്പെടുന്നതും തമ്മിൽ എന്തു ബന്ധമാണ് നമുക്ക് കാണാൻ കഴിയുന്നത്? നസറെത്ത് പുതിയനിയമകാലത്തു *നിന്ദിക്കപ്പെട്ടിരുന്ന* ഒരു ടൗണായിരുന്നു (യോഹന്നാൻ 1:46), ക്രിസ്തുവും *നിന്ദിക്കപ്പെടുക*യും ത്യജിക്കപ്പെടുകയും ചെയ്യേണ്ടിയിരുന്നു (സങ്കീർത്തനങ്ങൾ 22:6–8; 69:8, 20, 21; യെശയ്യാവ് 49:7; 53:2, 5, 8; ദാനിയേൽ 9:26[2]). മറ്റൊരു വാക്കിൽ പറഞ്ഞാൽ, മത്തായി 2:23–ലെ "ഒരു നസറായൻ" എന്നതിനു, നിങ്ങൾക്കു "നിന്ദിക്കപ്പെട്ട" എന്നു വായിക്കാം.

നമുക്ക് പരിചിതമായ "നിറവേറൽ" എന്നതിനുള്ള നിർവ്വചനത്തിൽ ആ

നാല് രീതികളിൽ ചിലത് ഒരുപക്ഷെ യോജിക്കുകയില്ല. എങ്കിലും, മത്തായി എത്തിക്കുവാൻ ആഗ്രഹിക്കുന്ന ഒന്നു പോലെ, യെഹൂദന്മാർ അവയെ എല്ലാം അനുയോജ്യമായ നിറവേറൽ ആയി കരുതിയിരുന്നു എന്നു നാം മനസ്സിലാക്കണം.

"ഫുൾഫിൽമെന്റ്" എന്ന ഇംഗ്ലീഷ് വാക്കിനെ സംബന്ധിച്ച് ഒരു നല്ല ചിത്രീകരണം ഉണ്ടാക്കുവാൻ വാക്കുകൾ കൊണ്ടു കഴിയും:[3] ആരംഭത്തിലുള്ള പഴയനിയമ എഴുത്തുകളെ *മുഴുവനായി നിറവേറുന്ന*താണ് പുതിയനിയമ നിറവേറൽ – അതിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ അർത്ഥവും അതു വ്യക്തമാക്കുന്നതുമാണ്.

**പ്രസംഗക്കുറിപ്പുകൾ**

ചില പഴയനിയമതിരുവെഴുത്തുകൾ നിറവേറിയതായി *ദൈവശ്വാസിയ* പുതിയനിയമ എഴുത്തുകാർക്കു എങ്ങനെ അറിയുവാൻ സാധിച്ചു എന്നാണ് നാം ചർച്ച ചെയ്യുന്നത് എന്നു ഓർമ്മിക്കുക. നിങ്ങളും ഞാനും ദൈവശ്വാസിയ ഉപദേഷ്ടാക്കന്മാരല്ല എന്നതു കൊണ്ടു, ഒരു സംഭവത്തെ ചൂണ്ടിക്കാട്ടി "ഈ വേദഭാഗത്തിന്റെ അല്ലെങ്കിൽ ആ വേദഭാഗത്തിന്റെ നിറവേറലാണ് ഇത്" എന്നു പറയുവാൻ, നമുക്ക് അധികാരമില്ല. ചില സംഭവങ്ങൾ പഴയനിയമ വേദഭാഗം നിറവേറുന്നതാണെന്നു *ബൈബിൾ* പറയുമ്പോൾ മാത്രമാണ് നമുക്ക് *അറിയുവാൻ* കഴിയുന്നത്.

ഈ ലേഖനത്തിലെ അറിവുകൾ നിങ്ങളുടെ വിദ്യാർത്ഥികളുമായി പങ്കു വെയ്ക്കണോ വേണ്ടയോ എന്ന കാര്യത്തെ സംബന്ധിച്ച് നിങ്ങൾ തന്നെ സ്വയം തീരുമാനിക്കുക. അതു ചിലരെ കുഴപ്പിച്ചേക്കാം; പഴയനിയമതിരുവെഴുത്തുകൾ നിറവേറിയതായി ദൈവശ്വാസിയ എഴുത്തുകാർ പറഞ്ഞിരിക്കുന്നു എന്ന അറിവിൽ മാത്രം അവർ തൃപ്തി പ്പെട്ടേക്കാം. നമ്മുടെ പഠനം തുടരുമ്പോൾ, *നിങ്ങൾ* ഒരു ഉപദേഷ്ടാ വായതുകൊണ്ട്, അത് ആവശ്യമായി വരും എന്നതു കൊണ്ടാണ് ഞാൻ ഈ അനുബന്ധഭാഗം ഉൾപ്പെടുത്തിയത്. എങ്ങനെ ഒരു പ്രത്യേക സംഭവം പഴയനിയമവേദഭാഗത്തെ നിറവേറി എന്നു വിശദീകരിക്കുവാൻ ഞാൻ എപ്പോഴും സമയമെടുക്കുന്നില്ല, എന്നാൽ ഓരോ നിറവേറലും ഈ അനുബന്ധലേഖനത്തിൽ തന്നിരിക്കുന്ന ഓരോ ഗ്രൂപ്പുമായി നിങ്ങൾ താരതമ്യം ചെയ്തു മനസിലാക്കുക. കൂടാതെ, പഴയനിയമ വേദഭാഗത്തെ പുതിയനിയമത്തിലെ ഒരു പ്രത്യേക സംഭവം *എങ്ങനെ* നിറവേറി എന്ന ചോദ്യത്തിനു സമയാസമയങ്ങളിൽ നിങ്ങൾക്ക് ഈ അറിവു ആവശ്യമായിവരും.

---

കുറിപ്പുകൾ

[1]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 25, 51–55. [2]യെശയ്യാവ് 11:1 ചിലപ്പോൾ ഈ ലിസ്റ്റിനോടു ചേർത്തിട്ടുണ്ട്. യെശയ്യാവ് 11:1 ലെ "കൊമ്പു" എന്നതിനുള്ള എബ്രായ വാക്ക് "നസറായൻ" എന്ന വാക്കിന്റെ ഉപയോഗവുമായി ചേർച്ചയുള്ളതാണ്. [3]ഉപയോഗിച്ചിരിക്കുന്നതു ഇംഗ്ലീഷ് വാക്കാണെങ്കിലും, "ഫുൾഫിൽ" എന്നു തർജ്ജിമ ചെയ്ത ഗ്രീക്ക്വാക്കിനോടു ആ വാക്കുകളുടെ ഉപയോഗം നീതി പുലർത്തിയിട്ടില്ല. "നിറക്കുക" എന്നതിനുള്ള വാക്കാണ് ആ വാക്കിന്റെ യഥാർത്ഥ അർത്ഥം.

## നമുക്ക് പരിശോധിക്കാവുന്ന പഴയ നിയമ പ്രവചനങ്ങൾ

| *പ്രവചനം* | *പ്രവചിച്ചിരിക്കുന്നത്* | *നിറവേറി* |
|---|---|---|
| യേശു വലിയവനാകുമെന്നും ദൈവപുത്രൻ എന്നു വിളിക്കപ്പെടുമെന്നും ഒരു ദൂതൻ പറഞ്ഞു. | ലൂക്കൊസ് 1:32–35 | കുഗ്രാമത്തിൽ ഒരു സാധു സ്ത്രീയുടെ മകനായിട്ടാണ് ജനിച്ചതെങ്കിലും, അവൻ പലർക്കും അറിയപ്പെട്ടതു വലിയ ദൈവപുത്രൻ ആയിട്ടായിരുന്നു. |
| എല്ലാ തലമുറകളും തന്നെ ഭാഗ്യവതി എന്നു വിളിക്കും എന്നു മറിയ പറഞ്ഞു. | ലൂക്കൊസ് 1:48 | ഇപ്പോഴും മറിയയെ ഭാഗ്യവതി എന്നാണ് വിളിക്കുന്നത്. |
| ജിവങ്കലേക്കു പോകുന്നവർ ചുരുക്കമായിരിക്കും എന്നു യേശു പ്രവചിച്ചു. | മത്തായി 7:13, 14 | വാസ്തവത്തിലുള്ള വിശ്വാസികളായി തുടരുന്നവർ കുറവായിരിക്കും. |
| താൻ ശലോമോനെക്കാളും വലിയവൻ ആണെന്നു യേശു പ്രവചിച്ചു. | മത്തായി 12:42 | അതു സത്യമാണെന്നു ചരിത്രം തെളിയിച്ചു. |
| പാതാളഗോപുരങ്ങൾക്കു സഭയെ ജയിക്കുവാൻ കഴിയുകയില്ല എന്നു യേശു പ്രവചിച്ചു. | മത്തായി 16:18 | അവന്റെ സഭ ഇന്നും നിലനിൽക്കുന്നു. |
| സുവിശേഷം എവിടെയെല്ലാം പ്രസംഗിക്കപ്പെടുന്നുണ്ടോ അവിടെയെല്ലാം തന്നെ അഭിഷേകം ചെയ്ത സ്ത്രീയെ സൂചിപ്പിക്കും എന്നു യേശു പ്രവചിച്ചു. | മത്തായി 26:13 | ഇന്നും സുവിശേഷം പ്രസംഗിക്കുന്ന സ്ഥലത്തെല്ലാം അവളെ കുറിച്ചു പറയുന്നുണ്ട്. |
| തന്റെ വചനം ഒരിക്കലും ഒഴിഞ്ഞു പോകയില്ല എന്നു യേശു പ്രവചിച്ചു. | മത്തായി 24:35 | അവന്റെ വചനം യുഗങ്ങളോളം നിലനിൽക്കും. |

| | | |
|---|---|---|
| സുവിശേഷം സകല ജാതികളിലും പ്രസംഗിക്കപ്പെടുമെന്നു യേശു പറഞ്ഞു | മർക്കൊസ് 13:10; ലൂക്കൊസ് 24:47 | സകല ജാതികൾക്കിടയിൽ ഇപ്പോഴും പ്രസംഗിക്കപ്പെടുന്നു. |
| സകല ജാതികളും, സകലമനുഷ്യരും തന്നിലേക്ക് ആകർഷിക്കപ്പെടുമെന്നു, യേശു പറഞ്ഞു | യോഹന്നാൻ 12:32 | എല്ലാ ജാതികളിൽ നിന്നും ആളുകൾ യേശുവിലേക്ക് ആകർഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. |

സമാഹരിച്ചിരിക്കുന്നത് ഓവെൻ ഓൾബ്രൈറ്റ്

# മറിയയെ കുറിച്ചുള്ള പ്രസംഗം

**മുഖവുര വസ്തുതകൾ**

കത്തോലിക്കാ സഭ മറിയക്ക് അമിത പ്രാധാന്യം കൊടുക്കുന്നുണ്ട്. ഒരു നിയമമെന്ന നിലയിൽ, പ്രൊട്ടസ്റ്റന്റു വിഭാഗങ്ങൾ അവൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല. മറിയയെ ആരാധിക്കണം എന്നു തിരുവെഴുത്തുകൾ പഠിപ്പിക്കുന്നില്ല, എങ്കിലും അവൾ നമ്മുടെ ബഹുമാനത്തിനു തീർച്ചയായും അർഹയാണ്. എങ്ങനെയായാലും, ഇതുവരെ ജീവിച്ചിരുന്ന എല്ലാ സ്ത്രീകളിലും വെച്ച്, നമ്മുടെ കർത്താവിന്റെ അമ്മയാകുവാൻ, ദൈവം തിരഞ്ഞെടുത്തത് അവളെയായിരുന്നു! ക്രിസ്തുവിന്റെ സഭ മറിയയെ കുറിച്ച്, ക്രിയാത്മകമായും നിഷേധാത്മകമായും കൂടുതലായി ഉപദേശിക്കയും പ്രസംഗിക്കയും ചെയ്യണം.

പരമ്പരയുടെ ഈ ഭാഗത്തിനുവേണ്ടി ഞാൻ ഗവേഷണം നടത്തുന്നതിനുമുൻപുവരെ, മറിയയെ കുറിച്ച് ബൈബിൾ സംബന്ധമായ അറിവ് എത്ര കുറച്ചാണ് നമുക്ക് ഉണ്ടായിരുന്നത് എന്ന് ഞാൻ ചിന്തിച്ചിരുന്നില്ല. യേശുവിന്റെ ജനനത്തെ കുറിച്ചും ശൈശവത്തെ കുറിച്ചുമുള്ള സംഭവങ്ങൾ കൂടാതെ, സുവിശേഷ വിവരണങ്ങളിൽ മറിയയെ കുറിച്ച് വളരെ കുറച്ചുമാത്രമാണ് പറഞ്ഞിട്ടുള്ളത് (യോഹന്നാൻ 2:1–12; മത്തായി 12:46–50 [കൂടാതെ നോക്കുക മർക്കൊസ് 3:21, 31–35; ലൂക്കൊസ് 8:20, 21]; മത്തായി 13:55 [കൂടാതെ നോക്കുക മർക്കൊസ് 6:3; യോഹന്നാൻ 6:42]; യോഹന്നാൻ 19:25–27), ഒരു പ്രാവശ്യം പ്രവൃത്തികളുടെ പുസ്തകത്തിൽ ആരംഭത്തിൽ (പ്രവൃ ത്തികൾ 1:14), ലേഖനങ്ങളിൽ ഒട്ടും സൂചിപ്പിച്ചു കാണുന്നില്ല.[1] അവളെ കുറിച്ച് നമുക്കറിയാവുന്നതു മിക്കതും, ലൂക്കൊസ് 1–ൽ നിന്നുള്ളതാണ്. എന്നിരുന്നാലും, അനവധി പാഠങ്ങൾക്കും പ്രസംഗങ്ങൾക്കും ആവശ്യ മായ വസ്തുതകളെക്കാൾ കൂടുതലുണ്ട്. താഴെ കൊടുത്തിരിക്കുന്ന പ്രസംഗവും കുറിപ്പുകളും വിവിധ ആശയങ്ങളും സമീപനങ്ങളും നൽകുന്നതാണ്.

**"എന്റെ കർത്താവിന്റെ അമ്മ"**

മറിയയെ കുറിച്ചുള്ള ഒരു പ്രസംഗം അടുത്ത ലക്കത്തിൽ കാണാവുന്നതാണ്. മറിയയിൽ എന്തു സമീപനം ഉപയോഗിക്കണം എന്നതിൽ എനിക്കു വിഷമം നേരിട്ടപ്പോൾ, ഞാൻ അവളുടെ ജീവിതം മുഴുവൻ അവലോകനം നടത്തുവാൻ അവസാനം തീരുമാനിച്ചു. ഒരേ അക്ഷരം വരുന്നത് നിങ്ങൾക്കിഷ്ടമാണെങ്കിൽ, നിങ്ങൾക്ക് അവളുടെ ജീവിത ത്തിൽ ''എസുകളുടെ'' പരമ്പര തന്നെ ഉപയോഗിച്ച് പരിശോധിക്കാം: (1) തിരഞ്ഞെടുക്കപ്പെട്ട, മറിയ (എന്റെ കർത്താവിന്റെ അമ്മയാകുവാൻ തിരഞ്ഞെടുക്കപ്പെട്ടവൾ); (2) സഹായിയായ, മറിയ (യേശുവിനെ വളർത്തുന്നതിനുള്ള ഉത്തരവാദിത്വം); (3) അന്വേഷിക്കുന്ന, മറിയ (അവൾ മകനെ കുറിച്ച് എല്ലായ്പ്പോഴും വിചാരപ്പെട്ടിരുന്നു); (4) ദുഃഖിക്കുന്ന, മറിയ (ക്രൂശിങ്കൽ); (5) രക്ഷിക്കപ്പെട്ട, മറിയ (യെരുശലേമിൽ ശിഷ്യന്മാരോടു കൂടെ).

**അവളെ "ഭാഗ്യവതി" എന്നു വിളിച്ചു**

അടുത്ത ലക്കത്തിൽ വരുന്ന മറിയയെ കുറിച്ചുള്ള പ്രസംഗത്തിലെ നാം *എന്തുകൊണ്ട്* മറിയയെ ''ഭാഗ്യവതി'' എന്നു വിളിക്കണം എന്നതിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള, മുഖവുരയെ വികസിപ്പിക്കുവാൻ ഒരുപക്ഷെ നിങ്ങൾ ഇഷ്ടപ്പെട്ടേക്കാം. അത് ലൂക്കൊസ് 1–ൽ അവളെപ്പറ്റി പറഞ്ഞിരിക്കുന്നതിനെ ആസ്പദമാക്കിയായിരിക്കും. ക്രിസ്തു വിന്റെ ജീവിതത്തെ കുറിച്ചുള്ള പരമ്പര നിങ്ങൾ തുടരുമ്പോൾ മറിയയെ കുറിച്ച് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങൾ ഉപയോഗിക്കുമെന്ന് നിങ്ങൾക്ക് വിശദീകരിക്കുവാൻ കഴിയും.

മറിയയെ കുറിച്ച് തിരുവെഴുത്തിൽ എന്തുപറയുന്നു എന്നതു വിവരിക്കുന്നതിനുമുൻപ് അവളെ കുറിച്ചുള്ള തെറ്റായ ആശയങ്ങൾ നിങ്ങൾ തിരുത്തികൊടുക്കേണ്ടത് ആവശ്യമാണെന്നു കാണാം. അങ്ങനെയെങ്കിൽ, താഴെ കാണുന്ന ഒരു സമീപനത്താൽ നിങ്ങൾക്ക് അതുചെയ്യുവാൻ കഴിയും.

**യഥാർത്ഥ മറിയ**

യേശുവിന്റെ അമ്മയായ, മറിയ ജീവിച്ചിരുന്നവരിൽ വാസ്തവത്തിൽ പ്രത്യേകതയുള്ള ഒരാളായിരുന്നു. ലൂക്കൊസ് 1:48 അനുസരിച്ച്, അവൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവൾ എന്ന് എല്ലാ തലമുറയും സമ്മതിക്കും. എപ്പോഴും അത് അങ്ങനെ അംഗീകരിച്ചിരുന്നില്ല, എന്നാൽ ഒരുപക്ഷെ ആ കുറവു പരിഹരിക്കുവാൻ അവളെ കുറിച്ചുള്ള നമ്മുടെ പഠനം സഹായിച്ചേക്കാം. എങ്ങനെയായാലും, ദൈവം എന്തുകൊണ്ട് മറിയയെ തിരഞ്ഞെടുത്തു എന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതിനുമുൻപ്, നാം ചോദിക്കണം, "നാം പറയുന്നത് ഏതു മറിയയെ കുറിച്ചാണ്?"

അമേരിക്കയിൽ അനവധി വർഷങ്ങൾക്കുമുൻപ്, "ടു ടെൽ ദ ട്രൂത്ത്" എന്നു പറയുന്ന ഒരു റ്റിവി പരിപാടി ഉണ്ടായിരുന്നു. ഓരോ പരിപാടിയിലും, എന്തോ പ്രാധാന്യം അർഹിക്കുന്ന പ്രവൃത്തി ചെയ്ത ഒരാൾ – താനാണെന്ന് മൂന്ന് പേരും ഒരുപോലെ അവകാശപ്പെടുന്നു. വിധികർത്താക്കൾ ആ മൂന്നു വ്യക്തികളെയും ചോദ്യം ചെയ്തശേഷം അവരിൽ ആരായിരുന്നു സത്യം പറഞ്ഞത് എന്നു ഊഹിച്ചു. ആ പരിപാടിയുടെ അവസാനം, വിധി പ്രഖ്യാപിക്കുന്ന ആൾ പറയും, "*യഥാർത്ഥ* വിജയി [വ്യക്തിയുടെ പേർ] ഒന്നെഴുന്നേറ്റു നിൽക്കാമോ?"

ആ ഷോയുടെ ദൃശ്യം കാണിക്കുവാൻ, ഒരു പാനലിനെ അഭിമുഖീകരിച്ചു മൂന്നു സ്ത്രീകൾ നിൽക്കുന്നതായും, മൂന്നുപേരും മറിയയാ ണെന്ന് അവകാശപ്പെടുന്നതായും കാണിക്കണം. ആദ്യത്തെയാൾ എഴുന്നേൽക്കുന്നു: രാജകീയ വസ്ത്രമണിഞ്ഞ്, ആനക്കൊമ്പ് നിറവും മനോഹരമായി ചീകിയൊതുക്കിയ മുടിയുമുള്ള സുന്ദരിയായ ഒരു സ്ത്രീയുടെ രൂപം. വൃത്താകൃതിയിലുള്ള പ്രകാശം അവളുടെ തലക്കു ചുറ്റും കറങ്ങുന്നു, അവളുടെ വലതുകൈ അനുഗ്രഹിക്കുന്ന നിലയിൽ ഉയർത്തിപ്പിടിച്ചിരിക്കുന്നു. "ഞാൻ മറിയയാണ്,'' അവൾ ധൈര്യത്തോടെ പറയുന്നു, "ഞാൻ യേശുവിന്റെ അമ്മയുമാണ്." അത്തര ത്തിൽ ഉള്ള മറിയയെയാണ് മതപരമായ മിക്ക കലാസൃഷ്ടികളും വർണ്ണിക്കുന്നത്, പലരും അങ്ങനെയുള്ള മറിയയെ അവരുടെ ദർശന ങ്ങളിലും അവകാശപ്പെടുന്നു. നമ്മുടെ പാനലിന്റെ അധികവും – മതപരമായ ലോകത്തിന്റെ മുഖ്യമായ

ഭാഗവും – ഉറക്കെ പറയുന്നു, “അതുതന്നെയാണ്! അതാണ് മറിയ!”

പിന്നെ രണ്ടാമത്തെ സ്ത്രീ എഴുന്നേൽക്കുന്നു, മൂടുപടത്തിൽ പൊതിഞ്ഞ നിഴലുപോലെയുള്ള ഒരു ചെറിയ രൂപം. അവൾ സംസാരിക്കുമ്പോൾ, അവളുടെ ശബ്ദം നമുക്കുകേൾക്കുവാൻ തന്നെ പ്രയാസമുള്ള മൃദുലമായ ശബ്ദമായിരുന്നു: “ഞാനാണ് മറിയ, ഞാൻ തന്നെയാണ് യേശുവിന്റെ അമ്മയും.” ചിലർ ശഠിച്ചു പറയും, “*ഇതു* തന്നെയാണ് ബൈബിളിലെ മറിയ.” ചുരുങ്ങിയത്, നമ്മിൽ ചിലർക്കറിയാ വുന്നത് ഈ മറിയയെ മാത്രമാണ്.

അവസാനമായി, മൂന്നാമത്തെ സ്ത്രീ എഴുന്നേൽക്കുന്നു. ആ സ്ത്രീക്ക് ഇരുണ്ട ചർമ്മവും, ഇരുണ്ട മുടിയും, പാലസ്തീനിലുള്ള ഒരു യെഹൂദന്റെ കണ്ണുകളുമായിരുന്നു. ഒരു കൃഷിക്കാരിയുടെ ലളിത വസ്ത്രമായിരുന്നു അവൾ ധരിച്ചിരുന്നത്, എന്നാൽ അവളിൽ ഒരു മാന്യതയുടെ മനോഭാവം പ്രകടമായിരുന്നു. അവൾ സ്പഷ്ടമായും വലിയ വേദനയും സന്തോഷവും അറിഞ്ഞിരുന്നു. താഴ്മയോടെ അവൾ ഉറപ്പിക്കുന്നു, “ഞാൻ മറിയയാണ്, യേശുവിന്റെ അമ്മയുമാണ്.”

“യഥാർത്ഥ മറിയ ദയവായി എഴുന്നേൽക്കാമോ?”

അവളെ “ഭാഗ്യവതി” എന്നു വിളിക്കുന്നതിനുമുൻപ്, ആരായി രുന്നു യഥാർത്ഥ മറിയയെന്ന് നാം ആദ്യം തീരുമാനിക്കണം. അത് നാം തീരുമാനിച്ചു കഴിഞ്ഞാലുടനെ, അവളെ പ്രത്യേകതയുള്ളതാക്കുന്ന യോഗ്യതകൾക്കുവേണ്ടി പിന്നെ നമുക്ക് തിരയാം. ഈ പ്രസംഗത്തിനും മറിയയെ കുറിച്ചുള്ള അടുത്തതിനും ശേഷം, നാമെല്ലാവരും മറിയയെ കൂടുതൽ പ്രശംസിക്കുമെന്ന് ഞാൻ കരുതുന്നു – കാരണം അവളെ കുറിച്ചു അവൾ ആരായിരുന്നുവെന്ന് മനുഷ്യർ പഠിപ്പിച്ചതു കൊണ്ടല്ല, പിന്നെയോ അവൾ വാസ്തവത്തിൽ ആരായിരുന്നു എന്നതുകൊണ്ടാണ്.

ആദ്യത്തെ ഈ പഠനത്തിൽ, ഞാൻ “യഥാർത്ഥ മറിയയെ വെളിപ്പെടുത്തു” വാൻ ശ്രമിക്കും. ലോകത്തിന്റെ പല ഭാഗങ്ങളിലും, സമ്മാനങ്ങൾ നിറമുള്ള പേപ്പറിൽ പൊതിഞ്ഞ് റിബ്ബൺ കൊണ്ട് കെട്ടിയിരിക്കുന്നു. അതിലെ സമ്മാനം കാണുവാൻ, കെട്ട് അഴിക്കേണ്ടതായിട്ടുണ്ട്. (എന്റെ മനസ്സിൽ, പേരക്കുട്ടികൾ ആഹ്ലാദത്തോടെ അവരുടെ സമ്മാനം കാണുവാൻ പൊതികൾ അഴിക്കുന്ന കാഴ്ച്ചയാണ് വരുന്നത്.) അതിനു ശേഷം, പൊതിഞ്ഞ പേപ്പറുകൾ സാധാരണ ഉപേക്ഷിക്കുന്നു.

വർഷങ്ങളോളം, ആളുകൾ മറിയയെ കുറിച്ച് മനസ്സിലാക്കി യിരുന്നത് ബഹുവിധമായ തിരുവെഴുത്തുകളിൽ കാണാത്ത വിശ്വാസ പ്രമാണങ്ങളാണ്. അവർ അതു ചെയ്തത് അവളെ ആദരിക്കുവാനായിരുന്നു, എന്നാൽ അതിന്റെ ഫലമായി യഥാർത്ഥ മറിയയെ മറച്ചു വക്കുകയായിരുന്നു. അവയെ ഓരോന്നായി, അഴിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മറിയയെ ആദരിക്കുവാനാണ് നിങ്ങളെ പഠിപ്പിച്ചിരുന്നതെങ്കിൽ, ഞാൻ അഴിക്കുവാൻ പോകുന്നതെല്ലാം മനുഷ്യ നിർമ്മിതങ്ങളാണെന്നു ഓർക്കുക. മറിയക്ക് എതിരായി പ്രതിഫലിക്കുന്ന ഒന്നും ഞാൻ പറയുകയില്ല. പൊതിക്കെട്ട് അഴിക്കുന്നത് ഉള്ളിലുള്ള സമ്മാനത്തിന്റെ പ്രഭ കുറയ്ക്കുന്നില്ല. വാസ്തവത്തിൽ, ഒരു സമ്മാനത്തെ പൂർണ്ണമായി അനുമോദിക്കുവാനുള്ള ഏക മാർഗ്ഗം അതിനെ പുറം ചട്ടകൾ ഇല്ലാതെ കാണുന്നതാണ്.

## ശരീരത്തോടുകൂടി എടുക്കപ്പെട്ടു
## എന്നതിന്റെ വിശ്വാസപ്രമാണം

അടുത്ത കാലത്ത് മറിയയെ പൊതിഞ്ഞിരുന്ന വിശ്വാസങ്ങളിൽ ഒന്നാണ് ശരീരത്തോടെ എടുക്കപ്പെട്ടു[2] എന്നത്. 1950–ലെ പോപ്പിന്റെ ഔദ്യോഗിക പ്രസ്താവനയിൽ[3] പ്രഖ്യാപിച്ച, ആ വിശ്വാസപ്രമാണം, ഉറപ്പു നൽകുന്നത്, അവരുടെ ഈ ഭൂമിയിലെ ജീവിതത്തിന്റെ അവസാനം, മറിയ ശരീരത്തോടും ആത്മാവോടും കൂടെ, സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു എന്നാണ്. ആ ഉപദേശത്തിൽ രണ്ടു തെറ്റുകളുണ്ട്: ഒന്ന്, ബൈബിൾ അതു പഠിപ്പിക്കുന്നില്ല.[4] രണ്ട്, ബൈബിൾ വാസ്ത വത്തിൽ അതിന് എതിരായിട്ടാണ് പഠിപ്പിക്കുന്നത്. യേശു പറഞ്ഞു ''സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന: മനുഷ്യപുത്രൻ അല്ലാതെ, ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല" (യോഹന്നാൻ 3:13).[5] ഒന്നാമത്തെ പുറംചട്ട ഇല്ലാതാകണം.

## പാപരഹിത ഗർഭധാരണം
## എന്നതിന്റെ വിശ്വാസപ്രമാണം

നാം അഭിമുഖീകരിക്കുന്ന രണ്ടാമത്തെ പുറംചട്ട കുറ്റരഹിത ഗർഭ ധാരണത്തെ കുറിച്ചുള്ളതാണ്. ആ വിശ്വാസം അടുത്ത കാലത്തുള്ളതും, അവ്യക്തമായ രൂപത്തിൽ നാലും–അഞ്ചും–നൂറ്റാണ്ടുകളിലെ എഴുത്തു കളിൽ കാണപ്പെട്ടതും എന്നാൽ 1854 വരെ വിവരിച്ചിട്ടില്ലാത്തതുമായിരുന്നു. അതു ''മുഴുവനായും പരമ്പരാഗതമായ അധാർമ്മികത'' എന്നതിന്റെ സിദ്ധാന്തത്തിൽ നിന്നുള്ളതും, അതു പഠിപ്പിക്കുന്നത് ആളുകൾ "മുഴുവനായും അധാർമ്മികർ" ആയി ജനിച്ചിരിക്കുന്നുവെന്നും, ആദാമിന്റെ പാപമെന്ന കുറ്റം അവർ അവകാശപ്പെടുകയും ചെയ്യുന്നു എന്നാണ്. പരമ്പരാഗതമായ അധാർമ്മികതയെ കുറിച്ച് പഠിപ്പിക്കുന്നത് വിശ്വാസത്തിനു ക്ഷയം സംഭവിച്ച സഭയാണ്, എന്നാൽ സഭാധികാരികൾ മറിയ പൂർണ്ണമായും അധാർമ്മികതയോടെ ജനിച്ചു എന്നു പറയുന്ന ആശയത്തെ ഇഷ്ടപ്പെട്ടില്ല. അങ്ങനെ മറിയ ഗർഭിണി യായിരുന്നപ്പോൾ ഒരു അത്ഭുതം സംഭവിച്ചു എന്നവർ പ്രഖ്യാപിച്ചു: അതായത് അവൾ "കുറ്റരഹിതമായി"[6] ഗർഭിണി ആവുകയും അതു കൊണ്ട് "പാപത്തിൽ" ജനിച്ചിരുന്നില്ല എന്നുമാണ്.

*ഓരോ* ശിശുവും ജനിക്കുന്നത് പാപമില്ലാതെയാണെന്ന് ബൈബിൾ പഠിപ്പിക്കുന്നതുകൊണ്ട് മറിയ പാപമില്ലാതെയാണ് ജനിച്ചതെന്ന ആശയത്തിൽ കുഴപ്പമുള്ളതായി എനിക്കു തോന്നുന്നില്ല. യേശു പറഞ്ഞതു ശിശുക്കളാണ് "സ്വർഗ്ഗരാജ്യം അവകാശമാക്കുന്നവർ" എന്നാണ് (മത്തായി 19:14; കൂടാതെ 18:3 നോക്കുക). ഓരോരുത്തർക്കും അവനവന്റെ പാപങ്ങൾക്കാണ് ഉത്തരവാദിത്വമുള്ളതെന്നും, അപ്പന്മാരുടെ പാപങ്ങൾക്ക് മക്കൾ ഉത്തരവാദികളല്ല എന്നും പ്രവാചകനായ യെഹെസ്ക്കേൽ ഊന്നി പറഞ്ഞിട്ടുണ്ട് (യെഹെസ്ക്കേൽ 18:20) – അതിൽ നമ്മുടെ "പിതാവ്" ആദാമും ഉൾപ്പെടുന്നു.

എങ്ങനെയായാലും, വിശ്വാസത്യാഗം സംഭവിച്ച സഭ പാപരഹിത മായതിന്റെ ആശയത്തെ ഒരല്പം ഗൗരവമായി എടുത്തിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ, കൗൺസിൽ ഓഫ് ട്രെന്റ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്, മറിയ വാസ്തവത്തിലുള്ളതോ വ്യക്തിപരമായതോ ആയ എല്ലാ പാപങ്ങളിൽ നിന്ന് മുക്തയായിരുന്നു, അതായത് അവൾ

ഒരിക്കൽപോലും അവളുടെ ജീവിതത്തിൽ പാപം ചെയ്തിട്ടില്ല എന്നാണ്. അതു നമുക്ക് സ്വീകരിപ്പാൻ സാദ്ധ്യമല്ല. പാപമില്ലാതെ ജീവിച്ച ഏകവ്യക്തി യേശുക്രിസ്തു മാത്രമാണെന്നാണ് ബൈബിൾ പഠിപ്പി ക്കുന്നതു (1 പത്രൊസ് 2:22; എബ്രായർ 4:15); ശേഷിച്ച നാം എല്ലാവരും പാപം ചെയ്ത് ദൈവതേജസില്ലാത്തവരായി (റോമർ 3:10, 23; 1 യോഹന്നാൻ 1:10). ലൂക്കൊസ് 1–ൽ, മറിയ സ്തുതിഗീതം പാടുവാൻ തുടങ്ങിയപ്പോൾ, അവൾ പറഞ്ഞു, ''എന്റെ രക്ഷകനായ ദൈവത്തിലും എന്റെ ആത്മാവിലും ഞാൻ ആനന്ദിക്കുന്നു" (വാ. 47). *നഷ്ടപ്പെട്ടവർക്കു* മാത്രമാണ് *ഒരു രക്ഷകൻ* ആവശ്യമായുള്ളത്; നമ്മെ എല്ലാവരെയും പോലെ, മറിയക്ക് രക്ഷ ആവശ്യമാണെന്ന് അവൾ തിരിച്ചറിഞ്ഞു. പാപരഹിതമായ പൂർണ്ണതയുടെ പുറംചട്ടയും അഴിച്ച് നീക്കം ചെയ്യണം.

## മറിയയെ ആദരിക്കുന്നതും ആരാധിക്കുന്നതും

നാം അഭിമുഖീകരിക്കുന്ന മൂന്നാമത്തെ പുറം ചട്ട എല്ലാറ്റിലും വിപുലമായ ഒന്നാണ്: മറിയയെ[7] ആദരിക്കുന്നതും ആരാധിക്കുന്നതും.[8] ഇതിൽ മറിയയുടെ രൂപത്തോട് പ്രാർത്ഥിക്കുന്നതും "ദൈവമാതാവ്"[9] എന്നതുപോലെയുള്ള, തിരുവെഴുത്തിൽ പറഞ്ഞിട്ടില്ലാത്ത പേരുകൾ അവൾക്ക് നല്കുന്നതും ഉൾപ്പെടുന്നു. നമ്മെ സഹായിക്കേണ്ടതിനു ദൈവത്തോടുള്ള അപേക്ഷ മറിയയിൽ ഏല്പിക്കുന്ന പരിശീലനമാണ് പ്രത്യേകമായി ചിന്തിക്കേണ്ടത്. പതിനഞ്ചാം നൂറ്റാണ്ടിൽ, മറിയയെ ആദരിക്കുവാൻ ഈ വാക്കുകൾ ഉപയോഗിക്കുകയുണ്ടായി: ''ദൈവ മാതാവായ, വിശുദ്ധ മറിയാമേ, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ." മറിയയെ കുറിച്ചു തെറ്റായി പറയുന്നു എന്നതിനാൽ അതു എന്നെ ദുഃഖിപ്പിക്കുന്നു. നമുക്കും ദൈവത്തിനും ഇടയിലെ ഒരു മദ്ധ്യസ്ഥ[10] എന്നതുപോലെ മറിയ പ്രവർത്തിക്കുന്നുവെന്നു തിരുവെഴുത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. വാസ്തവത്തിൽ, പൗലൊസ് പറഞ്ഞത് ''ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും *ഒരുവൻ*, മനുഷ്യനായ ക്രിസ്തുയേശു തന്നേ" എന്നാണ് (1 തിമൊഥെയൊസ് 2:5; എംഫസിസ് മൈൻ; കൂടാതെ നോക്കുക 1 യോഹന്നാൻ 2:1; പ്രവൃത്തികൾ 4:12).

ഇതും എന്നെ വിചാരപ്പെടുത്തുന്നു, കാരണം അതു ദൈവത്തെ കുറിച്ചു ചില തെറ്റായ കാര്യങ്ങളാണ് പറയുന്നത്. ഒരു വ്യക്തിയോട് അവൾ എന്തുകൊണ്ടാണ് മറിയയോടു പ്രാർത്ഥിക്കുന്നതെന്നു ചോദിച്ചപ്പോൾ, അവൾ മറുപടി പറഞ്ഞതു, ''യേശുക്രിസ്തു ആരെയെങ്കിലും കേൾക്കുമെങ്കിൽ, അതു തന്റെ അമ്മയെയാണ്." അത് എന്താണ് ദൈവത്തെ കുറിച്ചും യേശുക്രിസ്തുവിനെ കുറിച്ചും പറയുന്നത്? *അവർ നമ്മെ കേൾക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നാണ്* അതു പറയുന്നത് – അതുകൊണ്ടു അവരുമായി[11] സ്വാധീനമുള്ള ആരെയെങ്കിലും നാം കണ്ടെത്തണം. എങ്ങനെയായാലും, ദൈവം നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു എന്നാണ്, ബൈബിൾ പഠിപ്പിക്കുന്നത്. "ദൈവം സ്നേഹമാണ്" (1 യോഹന്നാൻ 4:8, 16), കൂടാതെ അവൻ "നിന്നെ കുറിച്ചു കരുതുന്നു" (1 പത്രൊസ് 5:7). യേശുവിന് "നമ്മുടെ ബലഹീനതയിൽ സഹതപിക്കുവാൻ'' കഴിയും എന്നാണ് എബ്രായലേഖകൻ ഊന്നി

പറഞ്ഞത്; അങ്ങനെ നമുക്ക് അവന്റെ "കൃപാസനത്തോട് ധൈര്യത്തോടെ അടുത്തു ചെല്ലാം" (എബ്രായർ 4:14–16).[12]

പ്രവൃത്തികൾ 1–ൽ മറിയയെ കുറിച്ചുള്ള ഒരു സൂചനയെ തുടർന്ന്, സഭക്കും ക്രിസ്ത്യാനികൾക്കും എഴുതിയ ഇരുപത്തി–ഒന്ന് ലേഖനങ്ങളടക്കം, പുതിയനിയമത്തിൽ ശേഷിച്ച ഭാഗങ്ങളിൽ ഒരിടത്തും അവളെ വീണ്ടും പരാമർശിച്ചു കാണുന്നില്ല. മറിയയെകുറിച്ച് ഇന്നു നിലനില് ക്കുന്ന ഊന്നലിനെ കുറിച്ച് യാതൊന്നും അതുകൊണ്ടു എഴുത്തുകാർ അറിഞ്ഞിരുന്നില്ല. തിരുവചനപ്രകാരമല്ലാത്ത ഉയർത്തൽ എന്ന പുറംചട്ടയും നീക്കണം.[13]

## നിരന്തര കന്യകാത്വം എന്നതിന്റെ വിശ്വാസപ്രമാണം

നാം ഇപ്പോൾ അവസാന ആവരണത്തിലേക്കു വന്നിരിക്കുകയാണ്. ഈ ആവരണം അത്രമാത്രം ആദരിക്കുന്നതായതുകൊണ്ട് ഞാൻ അതിനെ സമീപിക്കുന്നത് ശ്രദ്ധയോടെയാണ്. അനേകരുടെ ഉള്ളിൽ, അത് മറിയയുടെ സ്വഭാവത്തെ കുറി*ച്ചുള്ള ഏക* നിർവ്വചനമാണ്. അവർക്ക്, ആ ഉപദേശത്തെ വെല്ലുവിളിക്കുന്നത് മറിയയെ നേരിട്ട് ആക്രമിക്കുന്നതിനു തുല്യമാണ്. ഞാൻ പറയുന്നത് മറിയയുടെ നിത്യകന്യകാത്വത്തെ കുറിച്ചുള്ള വിശ്വാസത്തെയാണ്. അത് ഏറ്റവും പഴക്കമുള്ള ആവരണമാണ്, എന്നാൽ അപ്പൊസ്തൊലിക ഉത്ഭവകാലത്തിനുശേഷമുള്ളതാണ്. അഞ്ചാം നൂറ്റാണ്ടിൽ മറിയയുടെ നിത്യകന്യകാവാദം അവ്യക്തമായി സൂചിപ്പിക്കുവാനും ഏഴാം നൂറ്റാണ്ടിൽ പിന്നെ അത് ഔദ്യോഗികമായി പഠിപ്പിക്കുവാനും തുടങ്ങി.

പുറമെ നോക്കിയാൽ, ആ ഉപദേശം നിഷ്കളങ്കമാണെന്നു തോന്നിയേക്കാം. മറിയ കന്യകയായി തുടർന്നാലും ഇല്ലെങ്കിലും എന്തു വ്യത്യാസമാണ് അതുണ്ടാക്കുന്നത്? അതു വ്യത്യാസം ഉണ്ടാക്കുവാൻ കാരണം, ഒന്നാമതായി, അതു ബൈബിളിൽ ഇല്ല എന്നതാണ്. മറിയ ഗർഭം ധരിക്കുമ്പോഴും യേശു ജനിക്കുമ്പോഴും അവൾ കന്യകയായിരുന്നു (മത്തായി 1:23, 25), എന്നാൽ അതിനുശേഷവും അങ്ങനെ തന്നെ തുടർന്നിരുന്നു എന്നതിനു ഒരു തെളിവുമില്ല. മറിച്ച്, മറിയയും യോസേഫും അവരുടെ ദാമ്പത്യജീവിതം പൂർത്തിയാക്കിയെന്നും മറിയ യോസേഫിനു വാസ്തവത്തിലുള്ള ഭാര്യയായിരുന്നു എന്നുമാണ് തിരു വെഴുത്തിൽ ഉള്ളത്.[14] മത്തായി 1:25 പറയുന്നത് യോസേഫ് ''മകനെ പ്രസവിക്കുന്നതു*വരെ* അവളെ പരിഗ്രഹിച്ചില്ല" എന്നാണ്. (എംഫസിസ് മൈൻ; കൂടാതെ മത്തായി 1:18–ഉം നോക്കുക.) മത്തായി 13:55, 56 നമ്മോടു പറയുന്നത് യേശുവിനു ചുരുങ്ങിയതു നാലു സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു എന്നാണ്.[15] ആ വേദഭാഗത്തിൽ നിന്നു ഏറ്റവും സ്വാഭാവികമായി നമുക്ക് മനസിലാക്കാവുന്നത് യോസേഫും മറിയയും ഭർത്താവും ഭാര്യയുമായി ഒരുമിച്ചു ജീവി ക്കുകയും മറ്റുമക്കൾ അവർക്ക് ഉണ്ടാവുകയും ചെയ്തു എന്നാണ്.[16]

മറിയയുടെ നിത്യകന്യകാത്വത്തിന്റെ വിശ്വാസവും വ്യത്യാസം ജനിപ്പിക്കുന്നതാണ് കാരണം അതു വിവാഹത്തിന്റെയും കുടുംബത്തിന്റെയും ആവശ്യത്തെ സ്ഥാപിക്കുന്നത് നിഷേധിക്കുന്നു, ചില രീതിയിൽ, അവിവാഹിതജീവിതം വിവാഹജീവിതത്തേക്കാൾ വിശുദ്ധമാണെന്നും

പറയുന്നു. പൗലൊസ് മുന്നറിയിച്ചിരുന്ന മതത്തെ ത്യജിക്കുന്നതിന്റെ ഒരു പ്രത്യേകത എന്തെന്നാൽ വിശുദ്ധജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർ വിവാഹം കഴിക്കുന്നതിൽ നിന്നു പിൻതിരിയുന്നു എന്നതാണ്:

> ... ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച്, ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു, അവർ സ്വന്തമനസാക്ഷിയിൽ ചൂടു വെച്ചവരായി വിവാഹം വിലക്കുകയും, സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം കല്പിച്ചിരിക്കുന്ന ഭോജ്യങ്ങളെ വർജിക്കേണം എന്നു കല്പിക്കയും ചെയ്യും ... (1 തിമൊഥെയൊസ് 4:1–3; എംഫസിസ് മൈൻ).

എങ്ങനെയായാലും, വിവാഹം "എല്ലാവർക്കും മാന്യമാണ്" എന്നത്രേ, തിരുവെഴുത്ത് പറയുന്നത് (എബ്രായർ 13:4). കെജെവി പറയുന്നത്, "വിവാഹം എല്ലാവർക്കും മാന്യവും, കിടക്ക നിർമ്മലവുമായിരിക്കട്ടെ" എന്നാണ്. മറിയ നിത്യകന്യകയായി ജീവിച്ചു എന്നു പറയുന്നത് മറിയയുടെ വിവാഹജീവിതത്തെ കുറിച്ചു നമുക്കുള്ള ആശയത്തെ വളർത്തുകയല്ല, എന്നാൽ തളർത്തുകയാണ് ചെയ്യുന്നത്. അതെത്ര വിലപ്പെട്ടതായാലും, നിരന്തര കന്യകാത്വത്തിന്റെ പുറംചട്ടയും നാം നീക്കി കളയണം.

---

കുറിപ്പുകൾ

[1]യേശു "സ്ത്രീയുടെ സന്തതിയായി ജനിച്ചു" എന്നു പറയുന്ന, അവ്യക്തമായ സൂചന ഗലാത്യർ 4:4–ൽ ഉണ്ട്. [2]മറ്റു വിശ്വാസങ്ങൾ വളർന്നുവന്നു, അതിൽ യേശുവിനോടുകൂടെ വീണ്ടെടുക്കുന്ന–ആളാണ് മറിയ എന്ന വാദവും ഉൾപ്പെടുന്നു. [3]"ബുൾ" എന്നതു ബുല്ല കൊണ്ടു മുദ്രയിട്ട പോപ്പിനാലുള്ള ഔദ്യോഗിക രേഖയാണ് ("മുദ്ര"ക്കുള്ള ലാറ്റിൻ വാക്കാണ് *ബുല്ല*). [4]"സഭ *എല്ലായ്പ്പോഴും* അതു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു വന്നു" എന്ന ഓരോ പുതിയ അഭിപ്രായവുമായി ബന്ധപ്പെട്ടുണ്ടായതാണ് ആ വാദം. അത് സത്യമാണെങ്കിൽ, ആ അഭിപ്രായത്തെ കുറിച്ചുള്ള വ്യക്തമായ ഉപദേശം തിരുവെഴുത്തുകളിലും രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ എഴുത്തുകളിലും കാണേ ണ്ടതാണ് – പക്ഷെ നാം അതു കാണുന്നില്ല. ഓരോ സംഭവത്തിലും, ആ അഭിപ്രായം ദൈവശ്വാസീയ തിരുവെഴുത്തുകളിൽ കാണുന്നില്ല എന്ന് ഞാൻ ഊന്നിപറയും (2 തിമൊഥെയൊസ് 3:16, 17). നമ്മുടെ "ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും" എഴുതപ്പെട്ട വചനം നമുക്കു നൽകുന്നുണ്ട് (2 പത്രൊസ് 1:3). [5]യേശു തന്റെ ജീവിതകാലത്ത് ഈ വാക്കുകൾ പറയുകയും പിന്നീട് മറിയ ഉടലോടെ എടുക്കപ്പെടുകയും ചെയ്തു എന്നു ആരെങ്കിലും അവകാശപ്പെട്ടാൽ, ഈ വസ്തുതകൾ ശ്രദ്ധിക്കുക: (1) യേശുവിന്റെ വാക്കുകൾ പ്രവചനപരമായി രുന്നു. അവൻ ഉപയോഗിച്ച ഭൂതകാല പ്രവചനം ഭാവിയെ സംബന്ധിച്ചുള്ള തായിരുന്നു. (2) യേശുവിന്റെ വാക്കുകൾ യോഹന്നാൻ രേഖപ്പെടുത്തിയത് എ.ഡി. 90–കളിൽ – മറിയ മരിച്ചു വർഷങ്ങൾക്കുശേഷമായിരുന്നു. [6]"കുറ്റമറ്റ" എന്നതിനർത്ഥം "തികച്ചും ശുദ്ധമായ; കറയില്ലാത്ത; കുറ്റരഹിതമ ല്ലെങ്കിൽ നിഷ്കളങ്കമായ; നിർമ്മലമായ" എന്നാണ്. [7]മറിയയെ *വാസ്തവത്തിൽ* ആദരിക്കുകയോ നമസ്കരിക്കുകയോ ചെയ്തി രുന്നില്ല

എന്നവകാശപ്പെട്ടിട്ടുണ്ട്. മറിയയുടെ രൂപത്തിനു മുൻപിൽ നമസ്കരി ക്കുന്നതും ദൈവമുൻപാകെ നമസ്കരിക്കുന്നതും തമ്മിൽ തിരിച്ചറിയുവാൻ വാക്കുകൾ കണ്ടെടുത്തിട്ടുണ്ട്. എങ്ങനെയായാലും, കത്തോലിക്ക അധികൃതരുടെ എഴുത്തുകളും കത്തോലിക്ക വിശ്വസ്തരുടെ പ്രവർത്തികളും പ്രഖ്യാപിക്കുന്നത്, അതിനെ എന്തു വിളിച്ചാലും, മറിയ ആദരിക്കപ്പെടുകയും നമസ്കരിക്കപ്പെടുകയും *ചെയ്യുന്നു* എന്നാണ്. [8]ഇതിനെ ചിലപ്പോൾ "മേരിയോലാറ്റ്റി" എന്നു വിളിച്ചിട്ടുണ്ട്. 1955–ൽ സ്ഥാപിതമായ, ക്വീൻഷിപ്പ് ഓഫ് മേരി എന്നപേരിലുള്ള പെരുന്നാൾ ഇതിന്റെ പേരിലുള്ള ഒന്നാണ്. [9]മറിയയെ പുതിയ നിയമത്തിൽ "എന്റെ കർത്താവിന്റെ അമ്മ" എന്നും (ലൂക്കൊസ് 1:43) "യേശുവിന്റെ അമ്മ" (യോഹന്നാൻ 2:1) എന്നും വിളിച്ചിട്ടുണ്ട്, പക്ഷെ ദൈവത്തിന്റെ അമ്മയെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. യേശുവിന്റെ ദൈവികത്വം നിത്യസ്വഭാവമുള്ളതായിരുന്നു (യോഹന്നാൻ 1:1–3; എബ്രായർ 1:10–12) അതു മറിയയിൽ ഒരു രീതിയിലും ആശ്രയിച്ചുള്ളതായിരുന്നില്ല. കർത്താവിന്റെ ജഡശരീരം മാത്രമായിരുന്നു മറിയയുടേത് (റോമർ 1:3; യോഹന്നാൻ 3:6 നോക്കുക). [10]അല്ലെങ്കിൽ "മീഡിയാട്രിക്സ്" ("മദ്ധ്യസ്ഥൻ" എന്നതിന്റെ സ്ത്രീ രൂപം).

[11]ഈ ആശയം ദൈവത്തിന്റെ ന്യായവിധി പരുഷവും, കർക്കശവുമാണെന്ന, ധാരണ നിമിത്തമായിരിക്കാം ഉത്ഭവിച്ചത്. [12]മറിയ ഒരു സ്ത്രീയായതുകൊണ്ട് കൂടുതൽ അനുകമ്പയുണ്ടാവാനുള്ള സാധ്യതയുണ്ട് എന്ന അവകാശവാദവും ഉണ്ടായിട്ടുണ്ട്. ദൈവത്തെ കുറിച്ച് എല്ലായ്പ്പോഴും പുല്ലിംഗ രൂപത്തിലാണ് പറഞ്ഞിട്ടുള്ളത് എന്നത് വാസ്തവമാണ്, എന്നാൽ അവന് പുരുഷന്റേയും സ്ത്രീയുടേയും എല്ലാ മനോഗുണങ്ങളും ഉണ്ടെന്ന് തിരുവെഴുത്ത് പഠിപ്പിക്കുന്നു. വാസ്തവത്തിൽ, അവരുടെ ഗുണങ്ങൾ അവനിൽ ധാരാളമായിട്ടുണ്ട്. യെശയ്യാവ് 49:15 വായിക്കുക. [13]യേശു തന്റെ ജീവിതകാലത്ത്, ഭൗതിക ബന്ധത്തെക്കാൾ ആത്മീകബന്ധത്തി നാണ് പ്രാധാനം എന്നതിനാണ് ഊന്നൽ നൽകിയത്, അത് അവന്റെ അമ്മയെ സംബന്ധിച്ചായാൽ പോലും (മത്തായി 12:47–50; ലൂക്കൊസ് 11:27, 28). [14]യെഹൂദ പ്രമാണം അനുസരിച്ച്, വിവാഹ ജീവിതം പൂർത്തിയാക്കു ന്നതുവരെ ഒരു വിവാഹത്തെ വിവാഹമായി കണ്ടിരുന്നില്ല. പുതിയ നിയമം പഠിപ്പിക്കുന്നത്, വിവാഹത്തിൽ, ഒരു പങ്കാളി തന്റെ പങ്കാളിയുടെ ലൈംഗിക ബന്ധത്തെ നിഷേധിക്കുന്നില്ല (1 കൊരിന്ത്യർ 7:3–5). [15]ഇവർ വാസ്തവത്തിൽ അർദ്ധ–സഹോദരന്മാരും അർദ്ധ–സഹോദരിമാരും ആയിരുന്നു കാരണം അവരുടെ അമ്മ ഒന്നുതന്നെയായിരുന്നു (മറിയ) എന്നാൽ അപ്പൻ ഒന്നായിരുന്നില്ല (യേശുവിന്റെ പിതാവ് ദൈവമായിരുന്നു; അവരുടെ അപ്പൻ യോസേഫായിരുന്നു). [16]അവർ ഒന്നുകിൽ യോസേഫിനു മുൻവിവാഹത്തിലുള്ള മക്കളോ അല്ലെങ്കിൽ യേശുവിന്റെ ശേഷക്കാരോ മാത്രം ആയിരുന്നു എന്നു പറയ പ്പെടുന്നുണ്ട്. ആ രണ്ട് അഭിപ്രായങ്ങളും സന്ദർഭോചിതമല്ല. ഇതിനെ കുറിച്ചു ചിന്തിക്കുക: യേശുവിന്റെ "സഹോദരന്മാർ" യോസേഫിന്റെ മുൻവിവാഹത്തിലെ മക്കൾ ആയിരുന്നുവെങ്കിൽ, പിന്നെ യേശുവല്ല, അതിൽ ഒരാൾ ആയിരിക്കും, ദാവീദിന്റെ സിംഹാസനത്തിൽ നിയമപരമായി ഇരിക്കേണ്ടത്.

# യോസേഫിനെ കുറിച്ചുള്ള പ്രസംഗം

നമ്മുടെ പ്രസംഗത്തിലും ഉപദേശത്തിലും മറിയയെ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ, യോസേഫിനെ സംബന്ധിച്ചും അതു രണ്ടുമടങ്ങായി ചെയ്തിട്ടുണ്ട്. ഇതാ യോസേഫിനെ കുറിച്ച് രണ്ടു പ്രസംഗം – തുടങ്ങുന്നവർ.

**പ്രസംഗം തുടങ്ങുന്നയാൾ #1:**
***ദൈവം തന്റെ പുത്രനെ വളർത്തുവാൻ തിരഞ്ഞെടുത്ത മനുഷ്യൻ***

എന്റെ ജീവിതത്തിൽ പലപ്രാവശ്യം, ഭാവി അനിശ്ചിതമായിരുന്ന പ്പോൾ, ഞങ്ങൾക്കെന്തെങ്കിലും സംഭവിച്ചാൽ ഞങ്ങളുടെ പെൺമക്കളെ താല്ക്കാലികമായി നോക്കുവാൻ ഒരാൾക്കുവേണ്ടി അന്വേ ഷിച്ചു. നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നതുപോലെ, ഞങ്ങൾ അതിനെ ഗൗരവമായി ചിന്തിച്ചു; ആരെങ്കിലും അത് ചെയ്താൽ മതി യെന്ന് ഞങ്ങൾ ആഗ്രഹിച്ചില്ല. നിങ്ങളുടെ മക്കളെ ആർ വളർത്ത ണമെന്നാണ് *നിങ്ങൾ* ആഗ്രഹിക്കുന്നത്? അത്തരം വ്യക്തിയിൽ എന്തു ഗുണങ്ങളാണ് നിങ്ങൾ കാണുവാൻ ആഗ്രഹിക്കുന്നത്?

ആ ചിന്താധാര യോസേഫിന്റെ കാര്യത്തിൽ പ്രയോഗിക്കുക – പിന്നെ നമുക്കെല്ലാവർക്കും ആവശ്യമുള്ള യോസേഫിൽ ഉണ്ടായിരുന്ന ഗുണങ്ങൾ നിരത്തുക. നിങ്ങൾക്കു അതു തുടങ്ങുവാൻ ചില ചിന്ത കൾ ഇതാ: അവൻ ഒരു ദൈവപൈതലായിരുന്നു (ഒരു യെഹൂദൻ); അവൻ നീതിമാനായിരുന്നു (മത്തായി 1:19); നിർഭാഗ്യവശാൽ, എല്ലാ ദൈവമക്കളും നീതിമാന്മാർ അല്ല; അവൻ മറ്റുള്ളവരെ വ്യണപ്പെടു ത്തുവാൻ ആഗ്രഹിച്ചില്ല (1:19); അവൻ ദൈവത്തെ വിശ്വസിച്ചിരുന്നു (അന്തർലീനം); കൂടാതെ അവൻ ധൈര്യശാലിയും ആയിരുന്നു (അവൻ ഭയപ്പെട്ടിരുന്നില്ല; 1:20 നോക്കുക). എല്ലാറ്റിലുമുപരി, അവൻ അനുസര ണമുള്ളവൻ ആയിരുന്നു; ദൈവം അവനോടു സംസാരിച്ച ഓരോ സമയത്തും, അവൻ *ഉടനെ* അനുസരിച്ചിരുന്നു.

നിങ്ങൾ യോസേഫിന്റെ ജീവിതത്തെ അവലോകനം ചെയ്ത് അവന് യേശുവിനോടുണ്ടായിരുന്ന ബന്ധത്തെ കുറിച്ച് ചിന്തിക്കുമ്പോൾ, മാതാപിതാക്കൾക്ക് കുട്ടികളെ വളർത്തുന്നതിനുവേണ്ടി നൽകിയിട്ടുള്ള പഴയനിയമകാലത്തിലെ മാർഗ്ഗരേഖയെ കുറിച്ചു ചിന്തിക്കുക. ആവർത്തന പുസ്തകം 6:6, 7, 20, 21 നൽകുന്ന സൂചന എന്തെന്നാൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള പ്രാഥമികമായ ഉത്തരവാദിത്വം *അപ്പനിൽ* ഭരമേല്പിച്ചിരുന്നുവെന്നും അതു പുത്രന്മാരിലേക്ക് പകർന്നു കൊടുക്കുന്നതായിട്ടുമാണ്.

## **പ്രസംഗം തുടങ്ങുന്നയാൾ #2:**
## ***മാറ്റം വരുത്തിയ ജീവിതമുള്ള ഒരു മനുഷ്യൻ***

"യോസേഫ് ഉറക്കം ഉണർന്നു ... കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു ..." (മത്തായി 1:24). ദൈവം അവനോടു പറഞ്ഞത് ഒന്നും ചെയ്യുവാൻ ഒരിക്കലും മടിച്ചിട്ടില്ലാത്ത ആ മനുഷ്യനെ കുറിച്ചു ഒരു നിമിഷം ശാന്തമായി ചിന്തിക്കുക. "ആരാ*യിരുന്നു* ഈ മനുഷ്യൻ?" എന്നും, ചോദിക്കുക.

മറിയയുടെ പ്രഭക്കുമുൻപിൽ യോസേഫ് മങ്ങിപ്പോയിരുന്നതു കൊണ്ട്, പലരുടേയും മനസ്സിൽ, യേശുവിന്റെ ജീവിതത്തിന്റെ ആരംഭഘട്ടത്തെ കുറിച്ചുള്ള നാടകത്തിൽ അവനു ലഭിച്ച കഥാപാത്രം പ്രാധാന്യമില്ലാത്തതായിരുന്നു – അത് ഒരു സത്രം സൂക്ഷിപ്പുകാരന്റേതുപോലെയും, ആട്ടിടയന്മാരെ പോലെയും, വിദ്വാന്മാരെ പോലെയും ആയിരുന്നു. എങ്ങനെയായാലും, അവൻ ഒരു അസാധാരണ വ്യക്തി തന്നെ ആയിരിക്കണം, അല്ലെങ്കിൽ ദൈവം തന്റെ മകനെ[1] വളർത്തുവാനുള്ള ഉത്തരവാദിത്വം അവനു നൽകുമായിരുന്നില്ല. യോസേഫ് ദാവീദു രാജാവിന്റെ നേരിട്ടുള്ള പിൻഗാമി ആയിരുന്നു എന്നതും, അവന്റെ പ്രത്യേക ഗുണങ്ങളിലൊന്നാണ്. യെഹൂദന്മാർ, ജഡികമായ വംശാവലിക്കു പ്രാധാന്യം നൽകിയിരുന്നതിനേക്കാൾ (അല്ലെങ്കിൽ അതിൽ കൂടുതലോ) നിയമപരമായ വംശാവലിക്ക് പ്രാധാന്യം നൽകിയിരുന്നു. അതുകൊണ്ട്, യോസേഫ് യേശുവിന്റെ വാസ്തവത്തിലുള്ള അപ്പൻ ആയിരുന്നില്ലെങ്കിലും (ലൂക്കൊസ് 3:23), ഒരു എഴുത്തുകാരൻ യേശുവിന്റെ വംശാവലി യോസേഫിൽ കൂടെയാണ് വരച്ചുകാണിച്ചത് (മത്തായി 1:16).

"*മാറ്റം വരുത്തിയ* ജീവിതമുള്ള ഒരു മനുഷ്യൻ" എന്നാണ് ഞാൻ യോസേഫിനെ കുറിച്ചു ചിന്തിക്കുന്നത്: മാറുവാനുള്ള കാരണം മറിയയെ അവൻ വിവാഹം ചെയ്തതുകൊണ്ടും, ശിശുവായ യേശു അവന്റെ ജീവിതത്തിലേക്കു കടന്നുവന്നതുകൊണ്ടുമാണ്.

### **യോസേഫിന്റെ ജീവിതത്തിലെ മാറ്റങ്ങൾ**

(1) *സ്ഥലത്തിലുള്ള മാറ്റങ്ങൾ*. നസ്റേത്തിലെ ഒരു എളിയ തച്ചൻ ആയിരുന്നു യോസേഫ് (മത്തായി 2:23; 13:55; ലൂക്കൊസ് 2:4, 39). അവൻ തന്റെ ഭാര്യയായി മറിയയെ എടുക്കുന്നതിനുമുൻപ്, അവൻ ഒരുപക്ഷെ യെരുശലേമിനപ്പുറം യാത്ര ചെയ്തിരിക്കയില്ല (ലൂക്കൊസ് 2:41). അവരുടെ വിവാഹം കഴിഞ്ഞ് അധികം താമസിക്കാതെ, റോമാ നാടുവാഴിയുടെ കൽപന അനുസരിച്ച് അവനെയും അവന്റെ ഭാര്യയെയും യെരുശലേമിനു തെക്കുള്ള, യേശു ജനിച്ച ബേത്ത്ലേഹെമി ലേക്ക് അയച്ചു (ലൂക്കൊസ് 2:1–7).

കുറച്ചുദിവസങ്ങൾക്കുശേഷം, അവർ പുതിയ ശിശുവിനെ "യഹോവക്ക് സമർപ്പിക്കുവാൻ" യെരുശലേമിലേക്ക് കൊണ്ടുപോയി (ലൂക്കൊസ് 2:21, 22). പിന്നെ അവർ ബേത്ത്ലേഹെമിലേക്ക് മടങ്ങിവന്നു, അവിടെ കുറെ കാലം താമസിച്ചു, യോസേഫ് ആ പട്ടണത്തിൽ തന്റെ തൊഴിൽ ചെയ്തതായി കാണാം. അവർ അവിടെ ആയിരുന്നപ്പോൾ, കിഴക്കുനിന്ന് വിദ്വാന്മാർ "ആ [വീട്ടിലേക്ക്]വന്നു" "ശിശുവിനെ അമ്മയായ മറിയയോടുകൂടെ" കണ്ടു (മത്തായി 2:11).

ഇതിനുശേഷം ഉടനെ, രാജാവിന്റെ ക്രോധത്തിൽനിന്ന് രക്ഷപ്പെടു വാൻ യോസേഫ് തന്റെ കുടുംബത്തോടുകൂടി ഒരിക്കലും യാത്ര ചെയ്തിട്ടില്ലാത്ത ദൂരസ്ഥലമായ മിസ്രയീമിലേക്ക് പോയി (മത്തായി 2:1–18). അവിടെ അവനും, മറിയയും, യേശുവും ഹെരോദാ രാജാവ് മരിക്കുന്നതുവരെ സമാധി സ്തംഭങ്ങളുടെ നാട്ടിൽ താമസിച്ചു. പിന്നെ ദൈവം അവരെ പാലസ്തീനിലേക്ക് മടക്കിവരുത്തി (മത്തായി 2:19–21). ബേത്ത്ലേഹെമിലേക്ക് തിരിച്ചുപോകുന്നതിനു പകരം, അവർ വർഷങ്ങൾക്കുമുൻപ് യാത്ര ആരംഭിച്ച, നസ്റേത്തിലേക്ക് മടങ്ങിപോയി.

(2) *ബാദ്ധ്യതയിൽ ഉള്ള മാറ്റം.* യോസേഫിന്റെ പ്രദേശങ്ങളിലുള്ള മാറ്റം നാടകീയമായിരുന്നപ്പോൾ, അവന്റെ ഉത്തരവാദിത്വത്തിലുള്ള മാറ്റം പ്രാധാന്യമുള്ളതായിരുന്നു. യോസേഫും മറിയയും വിവാഹത്തിൽ യോജിക്കുന്നതുവരെ, അവൻ പ്രത്യേക ജോലിക്കു ഉചിതമായ തടിയും ഉപകരണവും തിരഞ്ഞെടുക്കുന്ന ഗൗരവമായി കാര്യങ്ങളായി രുന്നു ചെയ്തിരുന്നത്. എന്നാൽ അവൻ നസ്റേത്തിൽ മറിയയുടെ ഭർത്താവായപ്പോൾ, അവനിലേക്ക് പെട്ടെന്ന് ഒരു കുടുംബത്തിന്റെ ഉത്തരവാദിത്വം കടന്നുവന്നു. അവൻ ബേത്ത്ലേഹെമിലേക്കു പോയപ്പോൾ, ഏതു പിതാവിന്റെയും മനസ്സിൽ ഒരു പുതിയ ശിശു കടന്നുവരുമ്പോഴുണ്ടാകുന്ന മനോവികാരം അവനു അനുഭവപ്പെട്ടിരിക്കാം. ദൂതൻ യോസേഫിനോടു മിസ്രയീമിലേക്കു പോകുവാൻ ആവശ്യപ്പെട്ടപ്പോൾ, ആ വിലയേറിയ ശിശുവിനെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം അവനിൽ നിക്ഷിപ്തമായിരുന്നു. അവൻ നസ്റേത്തിലേക്ക് മടങ്ങിവന്നപ്പോൾ, അവന്റെ പുതിയ ഉത്തരവാദിത്വത്തിന്റെ കഠിനമായ ഘട്ടം ആരംഭിച്ചു: തന്റെ കരുതലിൽ ഏൽപിച്ചിരുന്ന പ്രത്യേകതയുള്ളവനെ ഓരോ ദിവസവും രൂപപ്പെടുത്തിയെടുക്കേണ്ട ചുമതല.

യെഹൂദന്മാർ വിശ്വസിച്ചിരുന്നത് "മകനെ തൊഴിൽ പഠിപ്പിക്കാത്തവൻ അവനെ മോഷ്ടിക്കുവാൻ പഠിപ്പിക്കുന്നു" എന്നാണ്. ഒരു ചെറിയ ചുറ്റിക എടുക്കത്തക്ക പ്രായം യേശുവിന് ആയപ്പോൾ, അവനെ അടുത്തിരുത്തുവാൻ വേണ്ടി യോസേഫ് ഒരു ചെറിയ ബെഞ്ച് ഉറപ്പിച്ചിരിക്കാം (മർക്കൊസ് 6:3). എങ്ങനെയായാലും, മുഖ്യ പരിശീലനം, ആത്മീകമായിരുന്നു. പഴയനിയമത്തിലെ മഹത്തായ സംഭവങ്ങളെ കുറിച്ച് യേശുവിനോടു പറയുന്നതുകൂടാതെ, യോസേഫ് അവനെ പള്ളിസ്കൂളിലേക്കും കൊണ്ടുപോയിക്കാണും (ലൂക്കൊസ് 4:16). യോസേഫിന്റെ പരിശ്രമങ്ങൾക്കൊപ്പം, മറിയയും ചേർന്നപ്പോൾ, ഫലം വിജയകരമായിരുന്നുവെന്ന് വ്യക്തമാണ്; കാരണം "പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു; ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു" (ലൂക്കൊസ് 2:40).[2]

### നിങ്ങളുടെ ജീവിതത്തിലെ മാറ്റങ്ങൾ

യോസേഫിനുണ്ടായതുപോലെ[3] സ്ഥലങ്ങൾ മാറിയ അനുഭവങ്ങൾ നിങ്ങൾക്കു ഒരുപക്ഷെ ഉണ്ടായിരിക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം, പക്ഷെ നിങ്ങളുടെ ജീവിതത്തിൽ മാറ്റങ്ങൾ തീർച്ചയായും ഉണ്ടായിക്കാണും.[4] മാറ്റങ്ങൾ എപ്പോഴും സുഖകരമായിരിക്കുകയില്ല, എന്നാൽ നാം ആഗ്രഹിച്ചാലും ഇല്ലെങ്കിലും അതു സംഭവിച്ചേക്കാം.

നിർഭാഗ്യവശാൽ, തങ്ങളുടെ ജീവിതങ്ങളിൽ ചില മാറ്റങ്ങൾ അനിവാര്യമാണെന്ന് പലരും തിരിച്ചറിയുന്നില്ല: അവർ ശൈശവ സ്വഭാവങ്ങൾ മാറ്റാതെ പ്രായപൂർത്തിയുള്ളവരാകുവാൻ ആഗ്രഹിക്കുന്നു. അവർ തങ്ങളുടെ സ്വയ–കേന്ദ്രീകൃത മനോഭാവം മാറ്റാതെ വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ ജീവിതക്രമം മാറ്റാതെ തന്നെ അവർ മാതാപിതാക്കൾ ആകുവാൻ ആഗ്രഹിക്കുന്നു.[5] ചിലർ തങ്ങളുടെ മനസുകളും ജീവിതങ്ങളും മാറ്റാതെ സ്വർഗ്ഗത്തിൽ പോകുവാൻ പോലും ആഗ്രഹിക്കുന്നു.[6]

ഓരോ വ്യക്തിയുടെ ജീവിതത്തിലും മാറ്റങ്ങൾ അനിവാര്യമാണ് – കർത്താവിന്റെ പ്രതിമയോടു രൂപാന്തരപ്പെടുന്നതാണ് ഏറ്റവും പ്രാധാന്യമുള്ള മാറ്റം (2 കൊരിന്ത്യർ 3:18). നാം ക്രിസ്ത്യാനികൾ ആയി തീരുമ്പോൾ, നാം സ്നാനജലത്തിൽ നിന്ന് കയറിവരുന്നത് "ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്" ആണ് (റോമർ 6:4). പിന്നെ നാം ജീവിക്കേണ്ടത് "പുതിയ സൃഷ്ടി [കൾ]" ആയിട്ടാണ് (2 കൊരിന്ത്യർ 5:17 നോക്കുക).[7]

## ഉപസംഹാരം

യോസേഫിനെ ജീവിതം മാറ്റംവരുത്തിയ ഒരു മനുഷ്യൻ എന്നാണ് ഞാൻ വിളിച്ചിട്ടുള്ളത്. നാം എല്ലാവരും കർത്താവിന്റെ ശക്തിയാൽ ജീവിതം മാറ്റം വരുത്തിയവർ ആയി തീരണം.

യോസേഫ് തന്റെ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങളെ സ്വീകരിച്ചു, ആ മാറ്റങ്ങൾ കൊണ്ടുവരുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനും തന്റെ കഴിവിന്റെ പരമാവധി അവൻ ശ്രമിച്ചു. മടികൂടാതെ – ദൈവം അവനോടു ചെയ്യുവാൻ പറഞ്ഞത് ചെയ്ത യോസേഫിനെ പോലെ ആകുവാൻ, ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ![8]

---

കുറിപ്പുകൾ

[1]മക്കളെ ശരിയായ വഴിയിൽ വളർത്തുവാനുള്ള പ്രാഥമികമായ ഉത്തര വാദിത്വം കുടുംബത്തിൽ ദൈവം പുരുഷനാണ് നൽകിയിരിക്കുന്നത് (എഫെസ്യർ 6:4 നോക്കുക). [2]പാഠത്തിന്റെ ഈ ഭാഗത്ത്, പന്ത്രണ്ട് വയസ്സായപ്പോൾ യേശുവിനെ ദൈവാലയത്തിൽ വിട്ടുപോയ സംഭവത്തിന്റെ ചുരുക്കമായ വിവരണം നിങ്ങൾക്ക് നൽകാം. ഏതെങ്കിലും വിധത്തിൽ, നിങ്ങൾ യോസേഫിന്റെ ജീവിതത്തെ മൂടിവെക്കേണ്ടതാണ്. യേശു തന്റെ വ്യക്തിപരമായ ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപ് യോസേഫ് ഒരുപക്ഷെ മരിച്ചുപോയിരിക്കാമെന്ന ചെറിയ വിവരണം നിങ്ങൾക്കു നൽകാം. അവൻ മരിക്കുന്നതിനു മുൻപ്, എങ്ങനെയായാലും, യേശുവിന് നൽകേണ്ട ദൈവീകമായ പരിശീലനം എന്ന ദൈവത്താൽ–നൽകപ്പെട്ട വെല്ലുവിളി അവൻ നിറവേറ്റിയിരുന്നു. [3]മിക്ക അമേരിക്കക്കാരും തങ്ങളുടെ ജീവിതത്തിൽ പലപ്പോഴായി സ്ഥലം മാറിപ്പോയിട്ടുണ്ട്. [4]മിക്ക ആളുകളുകളുടെയും ജീവിതത്തിൽ അവർ പ്രായമാകുമ്പോഴും, പ്രായപൂർത്തി എത്തുമ്പോഴും, പുതിയ ഉത്തരവാദിത്വങ്ങൾ സ്വീകരിക്കുമ്പോഴും, മറ്റും സംഭവിക്കുന്ന പൊതുവായ മാറ്റങ്ങൾ നിരത്തുക. [5]മുഖവുരയിൽ പറയുന്നത് യോസേഫിന്റെ ജീവിതം മാറുവാൻ കാരണം അവൻ മറിയയെ വിവാഹം കഴിച്ചതുകൊണ്ടും യേശു അവന്റെ ജീവിതത്തിലേക്ക് കടന്നുവന്നതുകൊണ്ടുമാണെന്നാണ്. അതിനുസമാന്തരമായി നാം

വിവാഹം കഴിച്ച് മക്കളുണ്ടാകുമ്പോൾ നമ്മുടെ ജീവിതത്തിലുണ്ടായിട്ടുള്ള മാറ്റങ്ങളെയും – അതിനോടൊപ്പമുള്ള ദൈവം–നൽകിയ ഉത്തരവാദിത്വങ്ങൾ നാം സ്വീകരിക്കു മ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളെയും പറയാം. [6]മാനസാന്തരത്തിന്റെ ആവശ്യകത (ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 17:30) പറയുന്നത് നമ്മുടെ രക്ഷക്ക് മനസ്സുകളും ജീവിതങ്ങളും മാറ്റേണ്ടതായിട്ടുണ്ട് എന്നാണ്. [7]ഈ ചിന്ത വിപുലീകരിക്കാവുന്നതാണ്. [8]സുവിശേഷം ഉടനെ തന്നെ അനുസരിക്കേണ്ടതിനുള്ള ആഹ്വാനം നൽകു വാൻ പാഠത്തിൽ ഇവിടെ പറയുന്നത് യുക്തിസഹജമായിരിക്കും (പ്രവൃത്തികൾ 2:37, 38, 41).

# ക്രിസ്തു ജനിച്ചതെപ്പോൾ?

**വർഷം**

ക്രിസ്തുവിന്റെ ജനനത്തിൽനിന്നാണ് ക്രിസ്തീയ–ലോകം എല്ലാ സംഭവങ്ങളുടേയും തീയതി കണക്കാക്കുന്നതെന്നു ആദ്യം പറഞ്ഞത്, ആറാം നൂറ്റാണ്ടിലെ ഒരു സന്യാസി ആയിരുന്ന, ഡയോനിസിയസ് എക്സിജുവസ് ആയിരുന്നു. യേശു ജനിച്ച യഥാർത്ഥ വർഷം അയാൾ നിർണ്ണയിക്കുവാൻ തീരുമാനിച്ചു. ഏതാണ്ട് ഏ.ഡി. 525–ൽ (നാം ഇപ്പോൾ കണക്കാക്കി യിരിക്കുന്ന സമയം), റോമാ ചരിത്രത്തിന്റെ 753–ാം വർഷത്തിലാണ് ജനനം നടന്നതെന്നാണ് അയാൾ പ്രഖ്യാപിച്ചു. അനേക വർഷങ്ങൾക്കു ശേഷം, അയാളുടെ കണക്കുകൂട്ടലിൽ നാലോ അഞ്ചോ വർഷങ്ങളുടെ വ്യത്യാസം സംഭവിച്ചതായി കണ്ടെത്തി – എന്നാൽ ലോകരേഖ പഴയതുതന്നെ നിലനിർത്തുവാൻ തീരുമാനിച്ചു. അതുകൊണ്ടു "ബി.സി." ("ക്രിസ്തുവിനു മുമ്പ്") തുടങ്ങുന്നതിനു അനേകവർഷങ്ങൾക്കു മുമ്പു തന്നെ ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ചു ക്രമക്കേട് സംഭവിച്ചിരുന്നതായി നമുക്കു കാണാം!

യേശു ജനിച്ച സമയം കൃത്യമായി ബൈബിളിൽ പറഞ്ഞിട്ടില്ല, എന്നാൽ തിരുവെഴുത്തിലുള്ള വിവരങ്ങൾ ആ വർഷത്തെ സംബ ന്ധിച്ച് ഒരു കണക്കുകൂട്ടൽ നടത്തുവാൻ നമ്മെ സഹായിക്കും:[1]

(1) 750–ലെ വസന്തം ആരംഭിച്ചപ്പോഴായിരുന്നു മഹാനായിരുന്ന ഹെരോദാവ് മരിച്ചതെന്ന് ചരിത്രരേഖ സൂചിപ്പിക്കുന്നു (റോമൻ കലണ്ടർ അനുസരിച്ച്). അതിനു ഒരു വർഷത്തിനു ആറു മാസം മുൻപാണ് യേശു ജനിക്കുന്നത്[2] – അതായത് 749–ൽ (ഡയോനിസിയസ് എക്സി ജുവസ് കണക്കാക്കിയതിനു നാലു വർഷം മുൻപ്).

(2) യോഹന്നാൻ സ്നാപകൻ തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചത് "തിബെര്യോസ് കൈസരുടെ വാഴ്ച്ചയുടെ പതിനഞ്ചാം ആണ്ടിൽ" എന്നു ലൂക്കൊസ് എഴുതിയിരിക്കുന്നു (ലൂക്കൊസ് 3:1). 765–നെ തിബെര്യോസിന്റെ വാഴ്ച്ച[3] തുടങ്ങിയതിന് ലൂക്കൊസ് ഉപയോഗിച്ച തായും, യോഹന്നാനു തന്റെ ശുശ്രൂഷ[4] ആരംഭിച്ചപ്പോൾ മുപ്പതു വയസായിരുന്നതായും ഊഹിച്ചാൽ, അതിൽ നിന്നും യോഹന്നാൻ ജനിച്ചതു 750 ലാണെന്നും യേശുവിന്റെ ജനനം ആറു മാസം കഴിഞ്ഞാ യിരുന്നു എന്നും നമുക്ക് കണക്കാക്കാം.

(3) യേശുവിന്റെ പരസ്യ ശുശ്രൂഷക്കിടയിലെ ആദ്യ പെസഹയിൽ, ആളുകൾ ഹെരോദാവിന്റെ ആലയം നാല്പത്തി–ആറു വർഷം മുൻപു പണിതു തുടങ്ങിയിരുന്നു എന്നു പറഞ്ഞിരുന്നു (നോക്കുക യോഹ ന്നാൻ 2:20). ലഭ്യമായ രേഖകൾ സൂചിപ്പിക്കുന്നത് ഹെരോദാവു തന്റെ പദ്ധതി 735–ൽ തുടങ്ങി എന്നാണ്, അതു യോഹന്നാൻ 2–ലെ സംഭവ ങ്ങൾ നടന്നത് 781–ലാണ് എന്നു കാണിക്കുന്നു. ആ പെസഹ വന്നത് യേശുവിന്റെ ജീവിതത്തിലെ മുപ്പത്തി–ഒന്നാമത്തെ വർഷമായിരുന്നു എന്നു വിചാരിച്ചാൽ, അവന്റെ ജനനം നടന്നത് ഏതാണ്ട് 750–ലാണെന്നു കരുതാം.

ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട്, റോമൻ കലണ്ടറനു സരിച്ച് യേശു ജനിച്ചത് 750–ലോ 749–ലോ ആയിരിക്കാമെന്നു നമുക്ക് ന്യായമായി പറയാം – മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ബി.സി. 4–ൽ അല്ലെങ്കിൽ 5–ൽ

ആയിരിക്കാം.

**വർഷത്തിലെ സമയം**

ക്രിസ്ത്യാനിത്വം സ്ഥാപിതമായതിനെ തുടർന്നുള്ള നൂറ്റാണ്ടുകളിൽ, ആളുകൾ യേശുവിന്റെ ജനന തീയതിയായി, ജനുവരി 5, ഏപ്രിൽ 20, മേയ് 20, ഡിസംബർ 25 എന്നിവ ഉൾപ്പെടെ പല തീയതികൾ നിരൂപിക്കുകയുണ്ടായി. ഡി. ജോർജ് വാന്റെർലിപ്പ് പറഞ്ഞു,

> യേശു ജനിച്ച മാസം അറിയില്ല. നാലാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഒരു സഭയും യേശുവിന്റെ ജനനത്തെ പെരുന്നാളായി ആഘോഷി ച്ചിരുന്നില്ല. ഡിസംബർ 25 തിരഞ്ഞെടുത്തത് റോമാക്കാരുടെ ശനിദേവനെ ആദരിക്കുന്ന സാറ്റർനേലിയ എന്ന, ആഘോഷത്തെ ക്രിസ്ത്യാനികൾ പകരംവെയ്ക്കേണ്ടതിനാണ്, അതു ശനിദേവനെ ആദരിക്കുവാൻ ആ ദിവസം നടത്തിയിരുന്ന ഒരു ആഘോഷമാണ്.[5]

യേശു ജനിച്ച വർഷത്തിലെ സമയത്തെ സംബന്ധിച്ച്, പണ്ഡിന്മാർക്കിടയിൽ യോജിപ്പുണ്ടായിരുന്നതു ഒരുപക്ഷെ അതു ശൈത്യകാലത്തായിരുന്നില്ല എന്നതിൽ മാത്രമാണ്. ഏ. റ്റി. റോബെർട്ട്സൺ എഴുതി,

> തെളിയിക്കപ്പെട്ടതായി തോന്നുന്ന മുഖ്യ കാര്യം എന്തെന്നാൽ ഡിസംബർ 25 എന്ന സമയം ശരിയല്ല, കാരണം ഇടയന്മാർ ആ സമയത്തു വയലുകളിൽ രാത്രി ആടുകളെ കൊണ്ടുപോകാറില്ല, നവംമ്പർ മുതൽ മാർച്ച് വരെ അവയെ കൂട്ടിൽതന്നെ സൂക്ഷിക്കുക യാണ് പതിവ്. മലനിരകളിലും ബേത്ത്ലേഹെമിലും ഡിസംബർ രാത്രികളിൽ ആടുകളെ നോക്കുന്നതു വിഷമകരമാണ്. അതു കൂടാതെ, നസ്റേത്തിൽ നിന്നു ദൂരെയുള്ള ബേത്ത്ലേഹെമിലേക്കുള്ള യാത്രയും, യോസേഫിനും മറിയക്കും ശൈത്യവും മഴയും നിമിത്തം നടത്തുവാൻ പ്രയാസമാണ്.[6]

യേശുവിന്റെ ജനനം "ശൈത്യകാലമദ്ധ്യേ ആയിരിക്കുവാൻ സാധ്യമല്ല കാരണം തണുപ്പുള്ള കാലാവസ്ഥയുള്ള ഡിസംബറിൽ ആട്ടിടയന്മാർ ആടുകളെ താഴ്വരകളിൽ കൊണ്ടുപോകാറില്ല. ശരിയായ സമയം വേനൽക്കാലാവസാനമോ അല്ലെങ്കിൽ ശിശിരകാലാരംഭത്തിലോ ആയിരിക്കും" എന്നതുമായി എച്ച്. ഐ. ഹെസ്റ്ററും യോജിക്കുന്നു.[7]

യേശുവിന്റെ ജനനസമയം കൃത്യമായി ബൈബിൾ നല്കുന്നില്ല എന്ന വസ്തുത സൂചിപ്പിക്കുന്നത് ഈ വിശദീകരണങ്ങൾക്ക് വലിയ പ്രസക്തിയില്ല എന്നാണ്. അവൻ ജനിച്ചി*രിക്കുന്നു* എന്നതു അറിയുന്നതിനേക്കാൾ പ്രാധാന്യമുള്ള കാര്യമല്ല അവൻ *എപ്പോൾ* ജനിച്ചു എന്നത്.

---

കുറിപ്പുകൾ

[1]"കുറേന്യൊസ് സുറിയ നാടു വാഴുമ്പോൾ നടന്ന ഒന്നാമത്തെ പേർചാർത്തൽ" (ലൂക്കൊസ് 2:2) എന്നതിനെ കുറിച്ചുള്ള ലൂക്കൊസിന്റെ പ്രസ്താവന ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആ സംഭവത്തിലെ സമയം പറഞ്ഞിരിക്കുന്നതു ഒന്നാം–നൂറ്റാണ്ടിലെ

വായനക്കാർക്കാണ്; നമുക്കു വേണ്ടി അല്ല, കാരണം ആ പേർചാർത്തലിനെ കുറിച്ചുള്ള ചരിത്രപരമായ വിവരങ്ങൾ മിക്കവാറും അവ്യക്തമാണ്. അത്തരം പേർചാർത്തൽ അന്നുണ്ടായിരുന്നതായി ഇന്നു പണ്ഡിതന്മാർ പൊതുവായി സമ്മതിക്കുന്നുണ്ട്, എന്നാൽ അതു നടത്തിയിരുന്ന തീയതിയെ സംബന്ധിച്ച് അവർ യോജിക്കുന്നില്ല. [2]ഈ പുസ്തകത്തിൽ പിന്നീടു വരുന്ന "രക്ഷകനെ അന്വേഷിക്കൽ" എന്ന പ്രസംഗം നോക്കുക. [3]ഔഗുസ്തൊസ് കൈസരുമൊത്ത് 765–ൽ തിബെര്യാസ് രണ്ടു–വർഷ വാഴ്ച്ച തുടങ്ങി. [4]യോഹന്നാൻ വരുന്നതു പൗരോഹിത്യകുടുംബത്തിൽനിന്നുമാണ് (ലൂക്കൊസ് 1:5), പുരോഹിതന്മാർ തങ്ങളുടെ ശുശ്രൂഷ ആരംഭിക്കുന്നതു മുപ്പതാമത്തെ വയസിലാണ് (സംഖ്യാപുസ്തകം 4:3). യേശുവിനു "ഏതാണ്ടു മുപ്പതു വയസ്സുള്ളപ്പോൾ" തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനു അല്പം മുൻപു തന്നെ യോഹന്നാനും തന്റെ ശുശ്രൂഷ ആരംഭിച്ചിരുന്നു എന്ന വസ്തുതയുമായി ഇതു ബന്ധപ്പെട്ടിരിക്കുന്നു (ലൂക്കൊസ് 3:23). [5]ഡി. ജോർജ് വാന്റെർലിപ്പ്, *ജീസസ് ഓഫ് നസ്റേത്ത്, റ്റീച്ചർ ആന്റ് ലോർഡ്* (വാലി ഫോർജ്, പാ.: ജഡ്സൺ പ്രെസ്, 1994), 67. [6]ഏ. റ്റി. റോബെർട്ട്സൺ, *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഫോർ സ്റ്റുഡന്റ്സ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഹാർപ്പർ ആന്റ് റോ, 1950), 267. [7]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ്* (ലിബെർട്ടി, മോ.: ക്വാളിറ്റി പ്രെസ്, 1963), 99.

# സർവ്വത്തിനും-മതിയായ ക്രിസ്തു

ക്രിസ്തു സർവ്വത്തിന്നും–മതിയായവനാണ്. കാരണം ...

കലാഭിരുചിയുള്ളവൻ – അവൻ സർവ്വാംഗസുന്ദരൻ (ഉത്തമഗീതം 5:16).
നിർമ്മാതാവ് – അവൻ മൂലക്കല്ലാണ് (1 പത്രൊസ് 2:6).
അപ്പം ഉണ്ടാക്കുന്നവൻ – അവൻ ജീവന്റെ അപ്പമാണ് (യോഹന്നാൻ 6:51).
ശില്പി – അവൻ തീർച്ചയുള്ള അടിസ്ഥാനമാണ് (യെശയ്യാവ് 28:16; 1 കൊരിന്ത്യർ 3:11).
തച്ചൻ – അവൻ വാതിൽ ആകുന്നു (യോഹന്നാൻ 10:9).
വൈദ്യൻ – അവൻ മഹാവൈദ്യൻ (മർക്കൊസ് 2:17).
ഇലക്ട്രിഷ്യൻ – അവൻ ലോകത്തിന്റെ വെളിച്ചമാകുന്നു (യോഹന്നാൻ 8:12).
കൃഷിക്കാരൻ – അവൻ വിതെക്കുന്നവനും കൊയ്ത്തിന്റെ യജ മാനനും ആകുന്നു (മത്തായി 13:37; ലൂക്കൊസ് 10:2).
നിക്ഷേപകൻ – അവൻ അപ്രമേയധനമാകുന്നു (എഫെസ്യർ 3:8).
രത്നവ്യാപാരി – അവൻ ജീവനുള്ള വിലയേറിയ കല്ലാണ് (1 പത്രൊസ് 2:4).
നിയമജ്ഞൻ – അവൻ കൗൺസിലറും, നിയമകർത്താവും, കാര്യ സ്ഥനുമാണ് (യെശയ്യാവ് 9:6; 1 യോഹന്നാൻ 2:1).
വാർത്താവിതരണക്കാരൻ – അവൻ മഹാസന്തോഷത്തിന്റെ ദൂതൻ ആണ് (ലൂക്കൊസ് 2:10).
ഉപദേഷ്ടാവ് – അവൻ ദൈവവചനമാണ് (യോഹന്നാൻ 1:1).
ദാസൻ – അവൻ നല്ല യജമാനനാണ് (മത്തായി 25:21, 23).
അദ്ധ്വാനി – അവൻ ആശ്വാസം നല്കുന്നവനാണ് (മത്തായി 11:28).
ഉഴന്നു നടക്കുന്നവൻ – അവൻ വഴിയാണ് (യോഹന്നാൻ 14:6).

എടുത്തിരിക്കുന്നത് ലിയൊണാർഡ് വി. ബക്ക്മാനിൽനിന്ന്

# ക്രിസ്തുവിന്റെ വ്യക്തിപരമായ ശുശ്രൂഷ എത്രനാൾ നീണ്ടു?

യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷ മൂന്നു–മൂന്നര വർഷം നീണ്ടുനിന്നു എന്നു ഇടക്കിടക്ക് പ്രസ്താവിച്ചിട്ടുണ്ട്. യോഹന്നാന്റെ പുസ്തകത്തിൽ നാലു പെസഹയെ കുറിച്ചു പറയുന്നുണ്ടെന്നു പലരും കരുതുന്നു എന്ന വസ്തുതയെ അടിസ്ഥാനമാക്കി നടത്തുന്ന ഒരു ഏകദേശ ഊഹമാണ് അത്. യോഹന്നാൻ തീർച്ചയായും മൂന്നു പെസഹയെ കുറിച്ചു പറയുന്നുണ്ട്: 2:13; 6:4; 13:1. നാലാമത്തെ സൂചന "യെഹൂദന്മാരുടെ പെരുന്നാൾ" എന്നതാണ് (5:1), അതു ഒരുപക്ഷെ പെസഹ ആയിരിക്കാം അല്ലെങ്കിൽ അല്ലായിരിക്കാം. വിവിധ വിശദീ കരണങ്ങൾ ആ പെരുന്നാൾ പെസഹയാണെന്നുള്ള[1] ബന്ധത്തിൽ പറഞ്ഞു കേൾക്കുന്നുണ്ട്, യേശുവിന്റെ ശുശ്രൂഷ മൂന്നു വർഷത്തിൽ താഴെ ആയിരുന്നുവെങ്കിൽ അവന്റെ ജീവിതത്തിൽ നടന്നതു മുഴുവൻ നടക്കുവാൻ സാധ്യമല്ല എന്ന വസ്തുതയും അതിലുൾപ്പെടുന്നു. അതു ഒരുപക്ഷെ, സാധ്യമാണ്, കാരണം യോഹന്നാൻ സൂചിപ്പിക്കാത്ത വേറെയും പെരുന്നാളുകൾ യേശുവിന്റെ ശുശ്രൂഷക്കിടയിൽ ഉണ്ടായി രുന്നേക്കാം – അവന്റെ ശുശ്രൂഷ നാലോ അതിൽ കൂടുതൽ വർഷമോ നീണ്ടു പോയിരിക്കാം.

യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷയുടെ കാലത്തെ കുറിച്ചുള്ള കൃത്യതക്കു വലിയ പ്രാധാന്യമില്ല; അങ്ങനെയെങ്കിൽ, അതു ദൈവം വെളിപ്പെടുത്തുമായിരുന്നു. "യേശുവിന്റെ ശുശ്രൂഷ മൂന്നു മൂന്നര വർഷം നീണ്ടുനിന്നിരുന്നു" എന്നു തിരുവെഴുത്തു പറയാത്ത സാഹ ചര്യത്തിൽ അതു എടുത്തുപറയുന്നതിലെ ലജ്ജാവഹമായ അനൗ ചിത്യം ഒഴിവാക്കുവാൻ സഹായിക്കുന്നതിന് മാത്രമാണ് അത് ഇവിടെ പറയുന്നത്. ഏ. റ്റി. റോബെർട്ട്സൺ എഴുതി, "യേശുവിന്റെ ശുശ്രൂഷ മൂന്നര വർഷം[2] നീണ്ടു പോകാനുള്ള സാധ്യതയോടെ അവൻ [ചുരു ങ്ങിയത്] രണ്ടര വർഷം ശുശ്രൂഷിച്ചിരുന്നതായി അറിയാം എന്നാണ് നമുക്ക് ആകെ പറയുവാൻ കഴിയുന്നത്."

---

കുറിപ്പുകൾ

[1]ഏ. റ്റി. റോബെർട്ട്സൺ, *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഫോർ സ്റ്റുഡന്റ്സ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ന്യൂ യോർക്ക്: ഹാർപ്പർ ആന്റ് റോ, 1950), 269–70. [2]ഇബിഡ്., 270.

# സ്വർഗരാജ്യം

"സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു," എന്നു പ്രസംഗിച്ചു കൊണ്ടാണ് യോഹന്നാൻ സ്നാപകനും യേശുവും വന്നത് (മത്തായി 3:2; 4:17; 10:7). മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളിൽ "രാജ്യം" എന്ന വാക്ക് നൂറിലധികം പ്രാവശ്യം[1] കാണുന്നുണ്ട്.

ഗ്രീക്ക് വാക്ക് തർജിമ ചെയ്ത "രാജ്യം" എന്നതു അർത്ഥമാക്കു ന്നത് "ആധിപത്യവും ഭരണവും" ആണ്. സുവിശേഷവിവരണങ്ങളിൽ, ഇത് അടിസ്ഥാനമായി സൂചിപ്പിക്കുന്നത് *കർത്താവ്* വാഴുന്ന രാജ്യത്തെ യാണ്.

"രാജ്യം" എന്ന വാക്ക് പുതിയനിയമത്തിലുടനീളം കാണുന്നുണ്ട് (റോമർ 14:17; 1 കൊരിന്ത്യർ 4:20), എന്നാൽ അതു പ്രാഥമികമായി ക്രിസ്തുവിന്റെ വ്യക്തിപരമായ ശുശ്രൂഷക്കിടയിലാണ് ഉപയോഗിച്ചത്. ഒരു രാജാവ് (മശിഹ) വരുന്നതിനും രാജ്യം സ്ഥാപിക്കുന്നതിനും വേണ്ടി യെഹൂദന്മാർ, നൂറ്റാണ്ടുകളോളം കാത്തിരുന്നു.

എങ്ങനെയായാലും, യെഹൂദന്മാർക്ക് മശിഹാ രാജ്യത്തെ കുറിച്ച് ഒരു തെറ്റായ കാഴ്ച്ചപ്പാടാണുണ്ടായിരുന്നത്. അവരുടെ മനസ്സിൽ ഭൗമി കവും, രാഷ്ട്രീയപരവുമായ സാമ്രാജ്യമായിരുന്നു ഉണ്ടായിരുന്നത്. തന്റെ "രാജ്യം ഐഹികമല്ല" എന്നു യേശു പറഞ്ഞു (യോഹന്നാൻ 18:36). രാജ്യത്തിന്റെ ആത്മിയ സ്വഭാവം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചു, രാജ്യത്തെ കുറിച്ചുള്ള തായിരുന്നു[2] അവന്റെ ഉപമകളധികവും.

രാജ്യത്തെ സൂചിപ്പിക്കുവാൻ സുവിശേഷ വിവരണങ്ങളിൽ ധാരാളം പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഏറ്റവും പരിചിതമായ പദം "ദൈവരാജ്യം" എന്നതാണ് (മത്തായി 19:24; മർക്കൊസ് 4:26), അതു അമ്പതിലധികം പ്രാവശ്യം വരുന്നുണ്ട്. മത്തായിക്ക് ഇഷ്ടപ്പെട്ട പ്രയോഗം "സ്വർഗരാജ്യം" ആയിരുന്നു (മത്തായി 5:3, 10, 19). അവൻ മാത്രം ആ പ്രയോഗം – മുപ്പതിൽ അധികം പ്രാവശ്യം ഉപയോഗി ച്ചിട്ടുണ്ട്. "എന്റെ രാജ്യം" (ലൂക്കൊസ് 22:30; യോഹന്നാൻ 18:36) "എന്റെ പിതാവിന്റെ രാജ്യം" (മത്തായി 26:29) തുടങ്ങിയ പദങ്ങളാണ് യേശു ഉപയോഗിച്ചത്. ചിലപ്പോൾ "രാജ്യം" എന്നു മാത്രവും പറഞ്ഞി ട്ടുണ്ട് (മത്തായി 4:23; 13:19).

"ദൈവരാജ്യവും" "സ്വർഗരാജ്യവും" രണ്ടാണെന്നു വേർതിരിച്ചു കാണിക്കുവാൻ ചിലർ ശ്രമിച്ചിട്ടുണ്ട്, പക്ഷെ അവരുടെ ശ്രമം ബോധ്യ പ്പെടുത്താവുന്നതല്ല. ജോൺ കാർട്ടർ എഴുതി, "എന്നെ സംബന്ധിച്ച്, അവയുടെ അർത്ഥത്തിലുള്ള വ്യത്യാസം ചൂണ്ടികാണിക്കുവാനുള്ള എല്ലാ ശ്രമവും വ്യർത്ഥവും, അവകാശപ്പെടുന്നതായ ആ വ്യത്യാസം കൃത്രിമവുമാണെന്നു തോന്നുന്നു."[3] മത്തായി 19:23, 24–ൽ, ആ രണ്ടു പദപ്രയോഗങ്ങളും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്:

> യേശു തന്റെ ശിഷ്യന്മാരോട്, "ധനവാൻ *സ്വർഗരാജ്യത്തിൽ* കടക്കുന്നതു പ്രയാസം തന്നെ, എന്നു ഞാൻ നിങ്ങളോടു പറയുന്നു. ധനവാൻ *ദൈവരാജ്യത്തിൽ* കടക്കുന്നതിനേക്കാൾ, ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നത് എളുപ്പം എന്നും, ഞാൻ നിങ്ങളോടു പറയുന്നു."

(എംഫസിസ് മൈൻ.)

എട്ടു ഒരുപോലെയുള്ള വേദഭാഗങ്ങൾ എടുത്താൽ, മത്തായിയുടെ പുസ്തകത്തിൽ "സ്വർഗരാജ്യം" എന്നും എന്നാൽ മറ്റു വിവരണ ങ്ങളിൽ "ദൈവരാജ്യം" എന്നുമാണ് കൊടുത്തിട്ടുള്ളത് (ഉദാഹരണത്തിനു, മത്തായി 4:17–നെ മർക്കൊസ് 1:14, 15–മായി താരതമ്യം ചെയ്യുക.)

പുതിയനിയമത്തിൽ, ''രാജ്യം'' എന്ന പദം പല വിധത്തിൽ[4] ഉപയോഗിച്ചിട്ടുണ്ട്. ചില അവസരത്തിൽ, സ്വർഗം എന്ന അർത്ഥത്തിൽ അതു ഉപയോഗിച്ചിട്ടുണ്ട് (നോക്കുക പ്രവൃത്തികൾ 14:22; 2 പത്രൊസ് 1:11). രാജാധിരാജാവിന്റെ കർത്തൃത്വത്തിനു കീഴ്പ്പെടുന്നവരെ, ഹൃദയങ്ങളിൽ[5] കർത്താവിനെ വാഴുവാൻ അനുവദിക്കുന്ന വ്യക്തികളെ, ഉദ്ദേശിച്ചാണ് മിക്കപ്പോഴും അതു പറഞ്ഞിരിക്കുന്നത്.

ലേഖനങ്ങളിൽ, രാജ്യ പ്രജകളെ "സഭ" എന്നാണ് പറഞ്ഞിരിക്കുന്നതു. സുവിശേഷ വിവരണങ്ങളിൽ അഭിലഷണീയമായ വാക്ക് ''രാജ്യം'' ആയിരിക്കാം, എന്നാൽ ലേഖനങ്ങളിൽ അഭിലഷണീയമായ വാക്ക് "സഭ" എന്നാണ്. ''രാജ്യവും'' "സഭയും" രണ്ടു വ്യത്യസ്ത സ്ഥാപനങ്ങളെയല്ല ഉദ്ദേശിക്കുന്നത്, എന്നാൽ രണ്ടും ഒന്നിനെയാണ്. യേശു തന്റെ രാജ്യത്തെ കുറിച്ചു മത്തായി 16:18, 19–ൽ പറഞ്ഞപ്പോൾ, അവൻ അതിനെ "എന്റെ സഭ" എന്നാണ് വിളിച്ചത്.

ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കു ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തിലായിരുന്നു ക്രിസ്തുവിന്റെ രാജ്യം/സഭ ആരംഭിച്ചത് (നോക്കുക മർക്കൊസ് 9:1; പ്രവൃത്തികൾ 1:6–8; 2:1–4). ആ സാഹചര്യത്തെ തുടർന്നു, രാജ്യം/സഭ നിലവിൽ വന്നതായിട്ടാണ് പറയപ്പെടുന്നത് (പ്രവൃത്തികൾ 5:11; 8:1, 3; കൊലൊസ്യർ 1:13; എബ്രായർ 12:28; വെളിപ്പാട് 1:6).

രാജ്യം സ്ഥാപിച്ചിട്ടില്ല എന്നു ചിലർ പഠിപ്പിക്കുന്നുണ്ട്. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പു, യോഹന്നാനും യേശുവും പ്രസംഗി ച്ചതു ദൈവരാജ്യം "ആസന്നമായിരിക്കുന്നു" (അതായതു, "അടുത്തിരിക്കുന്നു") എന്നാണ്. കൂടാതെ, തന്റെ സദസ്യരുടെ കാലയളവിൽ തന്നെ രാജ്യം വരുമെന്നു യേശു പറഞ്ഞിരുന്നു (മർക്കൊസ് 9:1). രാജ്യം ഇനിയും ഭാവിയിൽ വരുവാനിരിക്കുന്നതാണെന്നല്ല തിരുവെഴുത്തു പഠിപ്പിക്കുന്നത്, മറിച്ച് അവൻ സ്വർഗാരോഹണം ചെയ്തതുമുതൽ ക്രിസ്തു തന്റെ വാഴ്ച്ച തുടങ്ങി എന്നാണ് (പ്രവൃത്തികൾ 2:29–36). ക്രിസ്തു ഇപ്പോൾ സ്വർഗ്ഗത്തിൽ തന്റെ രാജ്യം ഭരിച്ചുകൊണ്ടാണിരിക്കുന്നത്, ലോകാവസാനം അവൻ മടങ്ങി വരുന്നതുവരെ തുടർന്നും ഭരിച്ചുകൊണ്ടിരിക്കും (നോക്കുക 1 കൊരിന്ത്യർ 15:24–27) അന്നു അവൻ തന്റെ വിശ്വസ്തരായ അനുയായികളെ സ്വർഗത്തിലേക്കു കൂട്ടി ക്കൊണ്ടു പോകുവാനാണ് വരുന്നത് (യോഹന്നാൻ 14:1–3).

പ്രവൃത്തികൾ 2–ൽ രാജ്യം/സഭ സ്ഥാപിച്ചശേഷം ''സഭ'' എന്ന വാക്കാണ് ''രാജ്യം'' എന്ന വാക്കിനേക്കാൾ കൂടുതൽ ഉപയോഗിച്ചിരി ക്കുന്നതെങ്കിലും, കർത്താവിന്റെ സഭ ഒരു രാജ്യ*മാണ്* എന്ന കാഴ്ച്ചപ്പാട് വിട്ടുകളയരുത്. ക്രിസ്തുവിന്റെ ജീവിതം എന്ന പഠനം നാം തുടരുമ്പോൾ, അതിലെ "രാജ്യം" എന്ന വാക്കിനായി നോക്കുക. വിശുദ്ധസ്വഭാവത്തിലും

ഭക്തിയിലും[6] നിങ്ങൾ ഏതു തരം വ്യക്തിയായിരിക്കണമെന്നു ആ വാക്ക് ഉപയോഗിച്ചിരിക്കുന്ന വേദഭാഗം പറയും.

---

കുറിപ്പുകൾ

[1]ഉറവിട വ്യത്യാസമനുസരിച്ചു കൃത്യമായ സംഖ്യയും മാറും. [2]യേശുവിന്റെ പല ഉപമകളും തുടങ്ങുന്നത് ഇങ്ങനെയാണ്, "സ്വർഗ്ഗരാജ്യം ... സദൃശം." (ഉദാഹരണത്തിനു, നോക്കുക മത്തായി 13:31, 33, 44, 45, 47, 52.) [3]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *എ ലേയ്മാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്വിലേ: ബ്രോഡ്മാൻ പ്രെസ്, 1961), 55. [4]ഉദാഹരണത്തിനു, "രാജ്യം" എന്ന വാക്ക് ഏതു രാജ്യത്തെ സൂചിപ്പിക്കു ന്നതിനും ഉപയോഗിക്കാം (മത്തായി 12:25), സാത്താന്റെ രാജ്യത്തിനും (മത്തായി 12:26), യിസ്രായേൽ രാജ്യത്തിനും (മത്തായി 8:12; പഴയ നിയമകാലത്ത്, യിസ്രായേൽ ദേശം ദൈവത്തിന്റെ പ്രത്യേക രാജ്യമായിരുന്നു); ദൈവത്തിന്റെ പൊതുവിലുള്ള ഭരണത്തിനും അതുപയോഗിച്ചിട്ടുണ്ട് (മത്തായി 6:13). അവയി ലെല്ലാം, "രാജ്യം" എന്നതിന്റെ അടിസ്ഥാന അർത്ഥം "വാഴ്ച്ച" അല്ലെങ്കിൽ "ഭരണം" എന്നാണ്. [5]"രാജ്യം" എന്ന വാക്ക് പല വിധത്തിൽ ഉപയോഗിച്ചിട്ടുള്ളതു കൊണ്ട്, അതിൽ ഏതാണ് തന്നിരിക്കുന്ന ആ വേദഭാഗത്തു അർത്ഥമാക്കുന്നതെന്ന് ഒരാൾക്ക് എങ്ങനെ അറിയാം? *സന്ദർഭം നോക്കുക.* [6]ആ പദപ്രയോഗം 2 പത്രൊസ് 3:11–ൽ നിന്നും എടുത്തിട്ടുള്ളതാണ്.

# എങ്ങനെ ഒരാൾക്ക് ദൈവരാജ്യത്തിലെ പൗരനാകാം

''രാജ്യം'' എന്ന വാക്കിന്റെ ഭാവിസൂചകമായ ഉപയോഗം ലോകത്തിനുവേണ്ടി ദൈവഹിതത്തിലേക്കു തങ്ങളുടെ ജീവിതം ഏല്പിച്ചുകൊടുത്തവരെ ദൈവം ആത്മിയമായി ഭരിക്കുന്നതിനെ സൂചിപ്പിക്കുന്നു. അതു ഒരു വാഴ്ച്ചയെയും രാജ്യത്തെയും കാണിക്കുന്നു – വാഴ്ച്ച എന്നത് ഒരു ജീവിതത്തിന്മേലുള്ള ദൈവത്തിന്റെ ആത്മിയ ഭരണമാണ്, ദൈവം വാഴുന്ന സ്ഥലമായ ആത്മീയ മേഖലയാണ് ആ രാജ്യമെന്നു വ്യക്തമാണ്. ക്രിസ്തുവിന്റെ ആ രാജകീയ വാഴ്ച്ച "സഭ" എന്ന വാക്കിൽ ഉൾപ്പെടുന്നു. ഒരാൾ ക്രിസ്തുവിന്റെ ഇഷ്ടത്തിനു കീഴ്പ്പെടുമ്പോൾ, അയാളെ ക്രിസ്തുവിന്റെ ശരീരമായ, സഭയിലേക്ക് കൊണ്ടുവരുന്നു. സഭയുടെ തലയായ, ക്രിസ്തുയേശുവിനു അയാൾ കീഴ്പ്പെട്ടു ജീവിക്കുമ്പോൾ, അയാൾ ഈ ഭൂമിയിലെ ദൈവരാജ്യത്തിന്റെ ഭാഗമായി ജീവിക്കുന്നു. അതുകൊണ്ട് മത്തായി 16:18, 19–ൽ യേശു വെളിപ്പെടുത്തിയതുപോലെ, "ദൈവ രാജ്യം" എന്നതും ''ക്രിസ്തുവിന്റെ സഭ" എന്നതും ദൈവം മാറി മാറി ഉപയോഗിച്ചിരിക്കുന്ന ഏക സ്ഥാപനമാണ്.

രാജാവിന്റെ ഇഷ്ടത്തിനു നിങ്ങളുടെ ഇഷ്ടത്തെ കീഴ്പ്പെടുത്തിയാൽ നിങ്ങൾക്ക് ദൈവരാജ്യത്തിലെ പൗരനാകാം. ക്രിസ്തു പറഞ്ഞു, ''എന്നോടു, 'കർത്താവേ, കർത്താവേ,' എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗത്തിൽ പ്രവേശിക്കുന്നത്'' (മത്തായി 7:21). അതിലെ പൗരത്വത്തിനു വേണ്ട നിബന്ധനകൾ നല്കുവാൻ മറ്റാർക്കും അവകാശമില്ല; ആ അവകാശം കർത്താവിനു മാത്രമാണ്. വീണ്ടും, യേശു പറഞ്ഞു, "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല'' (യോഹന്നാൻ 3:3). സത്യവചനം നാം അനുസരിക്കുമ്പോൾ ദൈവവച നത്താൽ നാം "വീണ്ടും ജനിക്കുന്നു" എന്നു പത്രൊസ് ഊന്നി പറയുന്നു (1 പത്രൊസ് 1:22, 23).

ആത്മ–ശ്വാസിയ വചനം (2 പത്രൊസ് 1:21) നമ്മെ പഠിപ്പിക്കുന്നതു യേശുവിൽ വിശ്വസിച്ച്, നമ്മുടെ പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ട്, വിശ്വാസം ഏറ്റുപറഞ്ഞു, പാപമോചനത്തിനു സ്നാനം ഏല്ക്കണമെന്നാണ് (വെള്ളത്തിൽ മുങ്ങൽ) (യോഹന്നാൻ 3:16; ലൂക്കൊസ് 13:3; മത്തായി 10:32; മർക്കൊസ് 16:16). നാം രാജാവിന്റെ കല്പന അനുസരിക്കുമ്പോൾ, നാം ''വെള്ളത്താലും ആത്മാവിനാലും ജനിക്കുക'' യും (യോഹന്നാൻ 3:5) ഇരുട്ടിൽനിന്നു അവന്റെ പുത്രന്റെ രാജ്യത്തിലാകുകയും ചെയ്യും (കൊലൊസ്യർ 1:13).

ദൈവരാജ്യത്തിലെ പൗരന്മാരാകുമ്പോൾ, നമ്മുടെ മൂല്യങ്ങൾ മാറുന്നു. ലൗകികരായ ആളുകൾ ലോകത്തെ കാണുന്നതുപോലെ അല്ല പിന്നെ നാം ലോകത്തെ കാണുന്നത്. നാം ''ലോകത്തിലാണ്,'' പക്ഷെ നാം

“ലോകത്തിന്റെ” ആളുകളല്ല (യോഹന്നാൻ 17:11, 14). ഈ ലോകത്തിൽ മാത്രം പ്രത്യാശ വെച്ചുകൊണ്ടിരിക്കുന്നവർ അവരുടെ സമ്പത്തിനെ കുറിച്ചും, ഇപ്പോഴുള്ള ജീവിതത്തെ കുറിച്ചും, ഭാവിയെ കുറിച്ചും, ലോക കാര്യങ്ങളെ കുറിച്ചും വിചാരപ്പെട്ടുകൊണ്ടിരിക്കും. ക്രിസ്ത്യാനികൾ ലോകത്തിനുള്ളവരല്ല; നാം ഒരു ആത്മീയ രാജ്യത്തിനുള്ളവരാണ്, അല്ലാതെ ഈ ഭൗതികമായതിനല്ല. നമ്മുടെ ഭക്തി ആത്മീകമാണ്, അല്ലാതെ ലൗകികമല്ല. നാം രോഗികളെ ശുശ്രൂഷിക്കു മ്പോഴും, വിശക്കുന്നവർക്ക് ആഹാരം കൊടുക്കുമ്പോഴും, ലോകത്തെ ശ്രേഷ്ഠജീവിതത്തിനു അനുയോജ്യ മായതാക്കുവാൻ പ്രയത്നിക്കു മ്പോഴും, നമ്മുടെ മനസ്സും ചിന്തയുമെല്ലാം നിത്യമായവയെ കുറിച്ചാണ്. നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയുടേയും ആത്മീയ രക്ഷക്കുവേണ്ടി മറ്റെല്ലാ ചിന്തകളും നാം വിട്ടു കളയുന്നു. നാം ജീവിക്കുന്നതു ആത്മീയ ലക്ഷ്യങ്ങൾക്കാണ്, അല്ലാതെ ലൗകികമായതിനല്ല. ലോകത്തിനുള്ള ആളുകൾ പുതിയ വസ്തുക്കൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു; ക്രിസ്ത്യാനികൾ പുതിയ ആത്മാക്കളെ അന്വേഷിക്കുന്നു. നാം ഈ ജീവിതത്തെ നിത്യതയുടെ കണ്ണാടിയിൽ കൂടി വീക്ഷിച്ചാൽ നമ്മുടെ ജീവിതത്തിൽ പലതും അർത്ഥമില്ലാത്തതായി കാണാം.

നിങ്ങൾ ദൈവരാജ്യത്തിലെ ഒരു പൗരൻ ആണോ? ആ രാജ്യ ത്തിലെ ഒരു പൗരൻ ആയിട്ടാണോ നിങ്ങൾ *ജീവിക്കുന്നത്*?

# പുതുജനനം

"ചില ആളുകൾ ഒരിക്കൽ ജനിക്കയും രണ്ടു പ്രാവശ്യം മരിക്കയും ചെയ്യും. മറ്റുള്ളവർ രണ്ടു പ്രാവശ്യം ജനിക്കയും ഒരു പ്രാവശ്യം മരിക്കയും ചെയ്യും." ഈ പഴഞ്ചൊല്ലിന്റെ അർത്ഥം യോഹന്നാൻ 3:1–9 ൽ യേശുവിന്റെ നിക്കൊദേമൊസുമായുള്ള സംഭാഷണത്തിൽ വ്യക്തമാക്കുന്നു, അവിടെ "പുതിയ ജനനം" എന്നതിനെ കുറിച്ചാണ് കർത്താവു പറയുന്നത്.

നാം ''വീണ്ടും ജനിക്കണം'' എന്നു യേശു പറയുമ്പോൾ, സദൃശമായിട്ടാണ് അവൻ പറയുന്നത്. അവൻ പിന്നീടു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "ഇതു ഞാൻ സദൃശമായി നിങ്ങളോടു സംസാരിച്ചിരിക്കുന്നു; എങ്കിലും ഞാൻ ഇനി സദൃശമായി നിങ്ങളോടു സംസാരിക്കാതെ, പിതാവിനെ സംബന്ധിച്ച് സ്പഷ്ടമായി നിങ്ങളോടു അറിയിക്കുന്ന നാഴിക വരുന്നു" (യോഹന്നാൻ 16:25). അവൻ മഹത്തായ ആജ്ഞയിൽ രക്ഷയുടെ നിബന്ധനകൾ ഉൾപ്പെടുത്തുമ്പോൾ, "വീണ്ടും ജനനം" എന്നതിനെ കുറിച്ചു പറയാതെ, "സ്പഷ്ടമായി" അവൻ പറഞ്ഞിരിക്കുന്നത്: "വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (മർക്കൊസ് 16:16; നോക്കുക മത്തായി 28:19). പത്രൊസിനെ ദൈവശ്വാസീയമായി ആദ്യ സുവിശേഷപ്രസംഗം നടത്തുവാൻ അനുവദിച്ചപ്പോൾ, അവൻ "വീണ്ടും ജനിക്കുവാൻ'' ആളുകളോടു പറഞ്ഞില്ല. അവനും, സംസാരിച്ചത്, ''സ്പഷ്ടമായിട്ടാണ്'': ''ഓരോരുത്തൻ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ, സ്നാനം ഏല്പിൻ" (പ്രവൃത്തികൾ 2:38). പത്രൊസിന്റെ വാക്കുകൾ ജനങ്ങൾ കേട്ടു കൈക്കൊണ്ടപ്പോൾ (പ്രവൃത്തികൾ 2:41), അവർ വീണ്ടും "ജനിച്ചിരുന്നുവോ"? ഉവ്വ്. പിന്നീട് അപ്പൊസ്തലൻ എഴുതി, "... സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർമ്മലീകരിച്ചിരിക്കകൊണ്ടു ..., കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവച നത്താൽ തന്നേ, *നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു*" (1 പത്രൊസ് 1:22, 23; എംഫസിസ് മൈൻ). "വീണ്ടും ജനനം" എന്ന പ്രയോഗം വിശ്വാസ ത്താലും അനുസരണത്താലും ക്രിസ്ത്യാനിയായിതീരുന്നതിനെ മറ്റൊരു രീതിയിൽ പറയുന്നതാണ്.

എങ്ങനെയായാലും, ''ക്രിസ്ത്യാനിയായി തീരുന്നതിനെ മറ്റൊരു വിധത്തിൽ പറയുന്നതാണ് അത്" എന്നു നാം വെറുതെ പറഞ്ഞു കൊണ്ട്, യേശുവിന്റെ കല്പനയായ, "വീണ്ടും ജനനത്തെ" നാം ദുർബ്ബലമാക്കരുത്. ഒരു ദൈവപൈതലായി തീരുന്ന വ്യക്തിയിലുണ്ടാകേണ്ട *ആ നാടകീയ മാറ്റത്തെ*യാണ് വീണ്ടും ജനനം എന്ന ചിത്രീകരണം ഊന്നൽ നൽകുന്നത്. ആ മാറ്റത്തെ യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ഊന്നി പറഞ്ഞിരിക്കുന്നു. യോഹന്നാൻ എഴുതിയത് ദൈവ ത്തിൽനിന്നു ''ജനിച്ചവൻ" നീതിപരിശീലിക്കുന്നു എന്നും (1 യോഹന്നാൻ 2:29), പാപസംബന്ധമായ ജീവിതശൈലി ഉപേക്ഷിക്കുമെന്നും (3:9, 10), മറ്റുള്ളവരെ സ്നേഹിക്കുമെന്നും (4:7), യേശുവിലുള്ള വിശ്വാസത്തിൽ നിലനിൽക്കുന്നവൻ

ആയിരിക്കുമെന്നുമാണ് (5:1–5). ആ സ്വഭാവവിശേഷതകൾ നോക്കിക്കൊണ്ട്, "ഞാൻ വാസ്തവത്തിൽ 'വീണ്ടും ജനിച്ചിരിക്കുന്നവൻ' *ആണോ?*" എന്നു ചോദിക്കുന്നത് ഒരുപക്ഷെ ഗുണകരമായേക്കാം.

ലേഖനത്തിന്റെ ആരംഭത്തിൽ നാം ഉപയോഗിച്ച പഴഞ്ചൊല്ലിലേക്ക് നമുക്ക് മടങ്ങി വരാം: "ചില ആളുകൾ ഒരിക്കൽ ജനിക്കയും രണ്ടു പ്രാവശ്യം മരിക്കയും ചെയ്യും." ആ ആളുകൾ ഭൗതികമായി ജനിച്ച വരാണ്, പക്ഷെ അവർ ആത്മിയമായി വീണ്ടും ജനിച്ചിട്ടില്ല. അതുകൊണ്ട്, ഖേദകരമായി പറയട്ടെ, അവർ ഭൗതികമായി മരിച്ചശേഷം, നരകത്തിൽ അവർ "രണ്ടാം മരണം" അനുഭവിക്കും (വെളിപ്പാട് 20:14; 21:8). "മറ്റുള്ളവർ രണ്ടു പ്രാവശ്യം ജനിക്കുകയും ഒരിക്കൽ മരിക്കയും ചെയ്യുന്നു." അവർ ക്രിസ്ത്യാനി കളായപ്പോൾ "വീണ്ടും ജനിച്ചവരാണ്." അവർ മരണത്തോളം വിശ്വസ്ത രായിരുന്നാൽ (വെളിപ്പാട് 2:10), അവർ "രണ്ടാം മരണത്താൽ ഉപദ്രവി ക്കപ്പെടുകയില്ല" (വാ.11). *നിങ്ങൾ* "വീണ്ടും ജനിച്ചി" ട്ടുണ്ടോ?

# “ഒരാൾക്ക് എങ്ങനെ ക്രിസ്തുവിന്റെ സഭയിൽ അംഗമായി തീരുവാൻ കഴിയും?”

ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട ആളുകളാണ്, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളായ, ക്രിസ്ത്യാനികൾ. ദൈവകൃപയോട് യോജിച്ചവരും – ഒരിക്കൽ തങ്ങളുടെ പാപങ്ങളിൽ നഷ്ടപ്പെട്ടവരും – അഥവാ പാപികളായിരുന്നവരുമാണ്, അതുകൊണ്ടു, സഭയിലുള്ളത്. സഭ ശിശുക്കൾക്ക് വേണ്ടി രൂപപ്പെടുത്തിയതായിരുന്നില്ല. ശിശുക്കൾ “സുരക്ഷിത”രാണ്; അവർക്ക് രക്ഷിക്കപ്പെടേണ്ട ആവശ്യമില്ല (മത്തായി 18:3). പാപം ദൈവത്തോടുള്ള മത്സരമാണെന്നു തിരിച്ചറിയുന്ന പ്രായത്തിൽ നാമെത്തും; പിന്നെ നാം പാപം ചെയ്യുന്നു. നാം എല്ലാവരും പാപം ചെയ്തതുകൊണ്ട് (റോമർ 3:23), നമുക്ക് എല്ലാവർക്കും രക്ഷ ആവശ്യമാണ്.

നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ രക്ഷിപ്പാൻ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു (1 ? കൊരിന്ത്യർ 15:3). അവന്റെ കൃപാദാനം പ്രയോജനപ്പെടുത്തുവാൻ നാം എന്തു ചെയ്യണം?

ആദ്യം, നാം *ക്രിസ്തുവിനെ കുറിച്ചു പഠിക്കണം*, സുവിശേഷസത്യങ്ങളുടെ മഹത്വത്തെ കുറിച്ചും പഠിക്കണം (മത്തായി 28:18–20; യോഹന്നാൻ 6:45). അതു നമ്മിൽ *വിശ്വാസം ഉണ്ടാകുവാൻ* കാരണമായി തീരുന്നു (റോമർ 10:17), ക്രിസ്തുവിലുള്ള അത്തരം വിശ്വാസമാണ് നമ്മെ *മറ്റുള്ളവരുടെ മുമ്പിൽ യേശു ദൈവപുത്രനാണെന്ന് ഏറ്റു പറയിപ്പിക്കുന്നത്* (റോമർ 10:9, 10). നമ്മുടെ വിശ്വാസം *നമ്മുടെ പാപങ്ങളെ കുറിച്ചുള്ള മാനസാന്തരത്തിലേക്കും* നയിക്കുന്നു (പ്രവൃത്തികൾ 2:37, 38), അതായതു, പാപത്തോടുള്ള നമ്മുടെ മനോഭാവത്തിൽ നമുക്കു മാറ്റം ഉണ്ടാകുന്നു (2 ? കൊരിന്ത്യർ 7:10). അവസാനം, നമ്മുടെ വിശ്വാസം നമ്മെ *സ്നാനത്തിലേക്കു* നയിക്കണം (മർക്കൊസ് 16:16). സ്നാനം എന്നത് പാപമോചനത്തിനു വേണ്ടി വെള്ളത്തിലുള്ള (പ്രവൃത്തികൾ 10:47) അടക്കമാണ് (റോമർ 6:3, 4).

സഭ സ്ഥാപിച്ച ദിവസം, ഏതാണ്ട് 3, 000 പേർ ആ പദ്ധതി അനുസരിച്ചു. പിന്നെ മറ്റുള്ളവരും കർത്താവിനാൽ സഭയോടു ചേർക്കപ്പെട്ടു (പ്രവൃത്തികൾ 2:38, 41, 47). ക്രിസ്ത്യാനികളായി തീർന്ന സമയം മുതൽ, അവരുടെ ജീവിതം വ്യത്യസ്തമായി: “അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു” (പ്രവൃത്തികൾ 2:42).

1 കൊരിന്ത്യർ 12:13–ൽ പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നതു ആത്മാവിന്റെ ഉപദേശങ്ങളാൽ നയിക്കപ്പെടുന്നവർ “ഏക ശരീരത്തോടു ചേരുവാൻ സ്നാനപ്പെടുന്നു,” അതായതു സഭയോടു ചേരുന്നു (കൊലൊസ്യർ 1:18). സഭ രക്ഷിക്കപ്പെട്ടവരുടെ ശരീരം ആകയാൽ, നമ്മെ രക്ഷിക്കുന്നതു കൂടാതെ, അതു നമ്മെ സഭയിലെ അംഗങ്ങളുമാക്കുന്നു.